2024 SEPTEMBER
26
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ട്രംപിനെ വധിക്കാൻ ഇറാൻ നീക്കം

**ലക്ഷ്യം യുഎസിൽ രാഷ്ട്രീയ അരക്ഷിതാവസ്ഥ സൃഷ്ടിക്കാൻ**

**വാഷിങ്ടൺ:** യുഎസ് മുൻ പ്രസിഡന്റും നവംബറിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥിയുമായ ഡോണൾഡ് ട്രംപിനെ ലക്ഷ്യമിട്ട് ഇറാൻ വധശ്രമ പദ്ധതികൾ മെനയുന്നതായി ഇന്റലിജൻസ് മുന്നറിയിപ്പ്. ഇറാൻ ഭീഷണിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ദേശീയ ഇന്റലിജൻസ് ഡയറക്ടറുടെ ഓഫിസാണ് ട്രംപിനു കൈമാറിയത്. ട്രംപിനെ വധിച്ച് യുഎസിൽ രാഷ്ട്രീയ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്നും റിപ്പോർട്ടിൽ പറയുന്നു. ഇറാന്റെ ഇതുവരെയുള്ള നീക്കമെല്ലാം പാളിയെങ്കിലും അവർ ഇനിയും ശ്രമം തുടരുമെന്ന് ട്രംപ് സമൂഹമാധ്യമ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ കുറിച്ചു. 'എനിക്കു ചുറ്റും ഇത്ര ബൃഹത്തായ സുരക്ഷാവലയം മുൻപൊരിക്കലും ഉണ്ടായിട്ടില്ല' സുരക്ഷ കൂട്ടിയ കാര്യം സ്ഥിരീകരിച്ച് ട്രംപ് പറഞ്ഞു.



പ്രസിഡന്റ് സ്ഥാനാർഥിയായ ശേഷം ട്രംപിനു നേരെ നടന്ന 2 വധശ്രമങ്ങൾ ഇറാനുമായി ബന്ധപ്പെട്ടതല്ലെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. പക്ഷേ, ഇറാന്റെ ഗൂഢപദ്ധതിയിൽ പങ്കാളിയെന്നു കരുതുന്ന ഒരു പാക്കിസ്ഥാൻകാരനെ മാസങ്ങൾക്കു മുൻപ് അറസ്റ്റുചെയ്തിരുന്നു. ഇതിനിടെ, ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥിയായ കമല ഹാരിസിന്റെ അരിസോനയിലെ ഓഫിസിനു നേരെ കഴിഞ്ഞയാഴ്ച നടന്ന വെടിവയ്പിന്റെ വിവരങ്ങൾ പുറത്തുവന്നത് പരിഭ്രാന്തി പരത്തി.

# ഡിഎൻഎ പരിശോധനയ്ക്കു ശേഷം അർജുന്റെ മൃതദേഹം വിട്ട് നൽകും; മോർച്ചറിയിലേക്ക് മാറ്റി

**ബംഗളൂരു:** മണ്ണിടിച്ചിലിൽ കാണാതായ അർജുൻറെ മൃതദേഹം ഡിഎൻഎ പരിശോധനയ്ക്ക് അയക്കുമെന്ന് ജില്ലാ കളക്ടർ. ലോറിയുടെ കാബിനിൽനിന്ന് കണ്ടെടുത്ത മൃതദേഹാവശിഷ്ടങ്ങൾ കാർവാറിലെ മോർച്ചറിയിലേക്ക് മാറ്റി. 2 ദിവസത്തിനുള്ളിൽ ഡിഎൻഎ പരിശോധന നടത്തും. അതിനു ശേഷം മൃതദേഹം കുടുംബത്തിന് വിട്ടുനൽകുമെന്ന് ജില്ലാ കലക്ടർ ലക്ഷ്മി പ്രിയ വ്യക്തമാക്കി.



ലോറിയിൽ നിന്നും കണ്ടെത്തിയ മൃതദേഹം അർജുൻറേതെന്ന് ഉറപ്പിക്കാൻ ഡിഎൻഎ പരിശോധന നടത്തുമെന്നും ഫലം ലഭിച്ച ശേഷമാകും ഔദ്യോഗിക സ്ഥിരീകരണമെന്നും എംഎൽഎ സതീഷ് കൃഷ്ണ സെയിൽ അറിയിച്ചു. ദൗത്യവുമായ സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

# ഏഷ്യൻ പവർ ഇൻഡക്സ്: ജപ്പാനെയും പിന്തള്ളി ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക്

ന്യൂദൽഹി: ജപ്പാനെ പിന്തള്ളി ഏഷ്യൻ ശാക്തിക ഇൻഡക്സിൽ ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക്. കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം പുറത്തിറക്കിയ വിശദീകരണത്തിലാണ് ചൈനയും യുഎസും കഴിഞ്ഞാൽ ലോകത്തെ ഏറ്റവും മികച്ച വളരുന്ന സമ്പദ്ഘടന എന്ന പദവിക്കു തുല്യമായ ഈ സ്ഥാനത്തേക്ക് ഇന്ത്യ എത്തിയ വിവരം സർക്കാർ രാജ്യത്തോടു പങ്കുവച്ചത്.

വരും ദിവസങ്ങളിൽ, ഭാവിയിലേക്കുള്ള അടുത്ത ചുവടുകൾ വയ്ക്കുന്നതിന് ഈ റിപ്പോർട്ടിലെ കണ്ടെത്തലുകളും നിർദേശങ്ങളും കേന്ദ്ര സർക്കാരിനു വഴിവെളിച്ചമാകാനും സാധ്യതയുണ്ട്. വിദേശനയം ഉൾപ്പെടെ ആധുനിക ഇന്ത്യയുടെ പുതുയുഗപ്പിറവിക്ക് ഇതു കരുത്തേകും. ഓസ്ട്രേലിയയിലെ ലോവൈ ഇൻസ്റ്റിറ്റ്യൂട്ടാണ് ഏഷ്യ പവർ ഇൻഡക്സ് പ്രസിദ്ധീകരിക്കുന്നത്.

100 ൽ 39.1 പോയിന്റ് നേടി 27 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക് കയറി. ജപ്പാനെക്കാൾ 2.8 പോയിന്റ് കൂടുതലായി സ്കോർ ചെയ്താണ് 2024 ലെ പട്ടികയിൽ ഇന്ത്യ തിളക്കം കൂട്ടിയത്. സാമ്പത്തിക വിഭവനില, സൈനിക ശേഷി, വിദേശകാര്യ ബന്ധങ്ങൾ, സാംസ്കാരിക മുദ്രകൾ, ഭാവിയിലേക്കുള്ള വിഭവങ്ങളുടെ കരുതൽ ശേഖരം തുടങ്ങിയ പല ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഏഷ്യൻ പവർ ഇൻഡക്സ് തയാറാക്കുന്നത്.മേഖലയിലെ സുപ്രധാന സഖ്യകക്ഷി എന്ന നിലയിൽ അയൽരാജ്യങ്ങളുടെ ആദരവ് ലഭിക്കുന്നതു മുതൽ സൈനിക രംഗത്തു കൈവരിക്കുന്ന നേട്ടങ്ങൾ വരെ ഈ അളവുകോലിന്റെ പരിഗണനയിൽ വരും. സാങ്കേതിക രംഗത്തും ഉൽപ്പാദന മേഖലയിലും ഓരോ വർഷവും ഇന്ത്യ അടിക്കടി കൈവരിച്ചുക്കുന്ന വളർച്ചയാണ് ഈ ഇൻഡക്സിലൂടെ വ്യക്തമാകുന്നതെന്ന് വിദഗ്ധർ പറയുന്നു.

അടുത്ത ഏതാനും പതിറ്റാണ്ടുകളിൽ കൂടി ഇന്ത്യ കൈവരിക്കാൻ പോകുന്ന വലിയ വളർച്ചയുടെ ആദ്യ പടികളാണ് ഇതെന്നും പറയാം.

# ആക്രമണം വ്യാപിപ്പിച്ച് ഇസ്രയേൽ; ലബനനിൽ 5 ദിവസത്തിനിടെ പലായനം ചെയ്തത് 90,000 പേർ

**ബെയ്റൂട്ട് :** ലബനനിൽ അഞ്ചു ദിവസത്തിനിടെ പലായനം ചെയ്തത് 90,000 പേർ. യുഎൻ ആണ് കണക്കുപുറത്തുവിട്ടത്. കൂടുതൽ പ്രദേശങ്ങളിലേക്ക് ഇസ്രയേൽ ആക്രമണം വ്യാപിപ്പിച്ചതോടെ, ഇസ്രയേൽ ചാരസംഘടനയായ മൊസാദിന്റെ ടെൽ അവീവിലെ ആസ്ഥാനത്തിനു നേരെ ബാലിസ്റ്റിക് മിസൈൽ പ്രയോഗിച്ചതായി ഹിസ്ബുല്ല അവകാശപ്പെട്ടു. റിസർവ് സൈനികരെ ഇസ്രയേൽ തിരികെ വിളിച്ചത്, സംഘർഷം പൂർണയുദ്ധത്തിലേക്കു നീങ്ങുന്നുവെന്ന സൂചന നൽകുന്നു.

ലബനനിലെ അഞ്ചിടങ്ങളിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ 51 പേർ കൊല്ലപ്പെട്ടതായും 223 പേർക്കു പരുക്കേറ്റതായും ലബനൻ ആരോഗ്യമന്ത്രി ഫിറാസ് അബിയാദ് പറഞ്ഞു. ഹിസ്ബുല്ലയുടെ 60 ഇന്റലിജൻസ് കേന്ദ്രങ്ങൾ ആക്രമിച്ചെന്നും കനത്ത നാശം വിതച്ചെന്നും ഇസ്രയേൽ അവകാശപ്പെട്ടു. ഇതുവരെ ലക്ഷ്യംവയ്ക്കാത്ത ജിയെ നഗരത്തിലും ആക്രമണം നടത്തി.



ടെൽ അവീവിനെ ലക്ഷ്യമാക്കിയെത്തിയ ബാലിസ്റ്റിക് മിസൈൽ ആകാശത്തുവച്ചു തകർത്തതായി ഇസ്രയേൽ വക്താവ് പറഞ്ഞു. ജനവാസമേഖലയെ ലക്ഷ്യമിട്ടാണു മിസൈൽ വന്നത്. വടക്കൻ ഇസ്രയേലിലെ ഗലീലി മേഖലയിലേക്കും ഹിസ്ബുല്ല ഭീകരർ റോക്കറ്റുകൾ തൊടുത്തെങ്കിലും ഇവയിലേറെയും നിർവീര്യമാക്കി. ഏതാനും എണ്ണം ജനവാസ മേഖലയിൽ വീണെങ്കിലും അപായമുണ്ടായില്ല. 2 പതിറ്റാണ്ടിനിടെ ഇസ്രയേൽ നടത്തുന്ന ഏറ്റവും രൂക്ഷമായ ആക്രമണമാണു ലബനനിലേതെന്നാണ് വിലയിരുത്തൽ. തിങ്കളാഴ്ച ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 550 പേർ കൊല്ലപ്പെട്ടിരുന്നു.





# എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ടു കോടിയുടെ പദ്ധതികളുമായി റോട്ടറി ഫൗണ്ടേഷൻ

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ട് കോടി രൂപയുടെ നാല് പദ്ധതികൾ റോട്ടറി ഫൗണ്ടേഷൻ വേൾഡ് ചെയർമാൻ മാർക്ക് മലോണി ഉദ്ഘാടനം ചെയ്തു. ഹോട്ടൽ ലെ മെറിഡിയനിൽ റോട്ടറി ഫൗണ്ടേഷൻ മൾട്ടി ഡിസ്ട്രിക്ട് കോൺക്ലേവിലാണ് അദ്ദേഹം ഉദ്ഘാടനം നിർവഹിച്ചത്. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ സെൻട്രലും റോട്ടറി ക്ലബ് കൊച്ചിൻ ടൈറ്റൻസും ചേർന്നാണ് 1.3 കോടി രൂപ വിലമതിക്കുന്ന ആദ്യ മൂന്ന് പദ്ധതികൾ നിർവഹിക്കുന്നത്. ഹീമോഡയാലിസിസിന്റെ 16 അത്യാധുനിക മെഷീനുകളും 18 കിടക്കകളും 16 മൾട്ടിപാരാ മോണിറ്ററുകളും ഉൾപ്പെടുന്നതാണ് പദ്ധതികൾ. വൃക്ക രോഗികളുടെ ചികിത്സയ്ക്കായി റോട്ടറി ഡയാലിസിസ് വാർഡ് എന്ന പേരിൽ രണ്ടാം നിലയിൽ എല്ലാ സൗകര്യങ്ങളും ലഭ്യമായിരിക്കും. റോട്ടറി ഡയാലിസിസ് വാർഡിന് ഓരോ ആഴ്ചയും 336 ജീവൻ രക്ഷാ നടപടിക്രമങ്ങൾ നടത്താനും ഒരു സമയം 125 വൃക്ക രോഗികളെ ചികിത്സിക്കാനും കഴിയും. ചെലവേറിയ ചികിത്സ താങ്ങാൻ കഴിയാത്ത രോഗികൾക്ക് ആശ്വാസമായിരിക്കും പദ്ധതി. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ജോസഫ് വാചാപറമ്പിൽ, അനിൽ വർമ, ഡോ. സി എം രാധാകൃഷ്ണൻ തുടങ്ങിയവരുടെ സഹായം ഉൾപ്പെടുത്തിയാണ് പദ്ധതി പ്രവർത്തിക്കുക.

എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ കാർഡിയോവാസ്കുലർ, തൊറാസിക് സർജറി വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് റോട്ടറി ഫൗണ്ടേഷന്റെ നാലാമത്തെ ആഗോള ഗ്രാന്റ് ലഭ്യമാക്കുന്നത്.

കൊറോണറി ആർട്ടറി ബൈപാസ് സർജറി നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ ജില്ലാതല സർക്കാർ ആശുപത്രി യൂണിറ്റ് എന്ന നിലയിൽ ആയിരക്കണക്കിന് ഹൃദ്രോഗികൾക്കും ഈ ആശുപത്രി പ്രതീക്ഷയുടെ വെളിച്ചമാണ്.2021 മുതൽ, കാർഡിയോവാസ്കുലർ, തൊറാസിക് സർജറി വിഭാഗം ബൈപാസ് സർജറികൾ, വാസ്കുലർ നടപടിക്രമങ്ങൾ, ശ്വാസകോശ ശസ്ത്രക്രിയകൾ എന്നിവ നടത്തിവരുന്നു. ഓപ്പൺ ഹാർട്ട് നടപടിക്രമങ്ങൾ, വാൽവ് ചികിത്സകൾ, ജന്മനായുള്ള ഹൃദയ തകരാർ ശസ്ത്രക്രിയകൾ എന്നിവയുൾപ്പെടെ കൂടുതൽ സങ്കീർണ്ണമായ ചികിത്സകളെ പിന്തുണയ്ക്കുന്നതിന് വിപുലമായ മെഡിക്കൽ ഉപകരണങ്ങൾ സഹായിക്കും. ഉയർന്ന നിലവാരമുള്ള ഹൃദ്രോഗ പരിചരണം ലഭ്യമാക്കുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് കാർഡിയോവാസ്കുലർ, തൊറാസിക് സർജറി വിഭാഗത്തെ നവീകരിക്കുന്നതിന് 60 ലക്ഷം രൂപയുടെ സംയുക്ത പദ്ധതിയാണിത്. ഫിലിപ്സ് ലൈവ് 3ഡി എക്കോകാർഡിയോഗ്രാഫി സിസ്റ്റത്തിന്റെ സഹായത്തോടെ ഹൃദയത്തെ കൃത്യമായി ദൃശ്യവൽക്കരിക്കാൻ സാധിക്കുന്നതിലൂടെ ശസ്ത്രക്രിയയുടെ ഫലങ്ങളിൽ കൂടുതൽ മികവുണ്ടാകും. എസിടി മെഷീൻ സങ്കീർണ്ണമായ ശസ്ത്രക്രിയകളിൽ സുരക്ഷിതമായ ആന്റിഓകോഗുലേഷൻ ഉറപ്പാക്കുകയും അതേസമയം പോർട്ടബിൾ ജി ഇ വിസ്കാൻ ഹാൻഡ്ഹെൽഡ് എക്കോകാർഡിയോഗ്രാഫി മെഷീൻ രോഗിയുടെ കിടക്കയിൽ തന്നെ ഉടനടി ഡയഗ്നോസ്റ്റിക്സ് നൽകുകയും ചെയ്യും.

# പ്രായമേറിയ വൃക്ഷസംരക്ഷണ പദ്ധതിയിൽ പങ്കുചേർന്ന് ആര്യ വൈദ്യ ഫാർമസി

**കൊച്ചി:** പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രായമേറിയ വൃക്ഷങ്ങളെ സംരക്ഷിക്കുന്ന പ്രാചീൻ വൃക്ഷ ആയുർവേദ ചികിത്സാ പദ്ധതിയിൽ പങ്കുചേർന്ന് കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി ലിമിറ്റഡ് (എവിപി). പ്രത്യേക ആയുർവേദ പരിചരണം നൽകിയാണ് വൃക്ഷങ്ങളെ സംരക്ഷിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 74ാം ജന്മദിനത്തോടനുബന്ധിച്ച് ഗോവയിൽ ഗവർണർ പി എസ് ശ്രീധരൻ പിള്ളയാണ് ഈ നൂതന പദ്ധതിക്ക് തുടക്കം കുറിച്ചത്. രാജ്ഭവൻ വളപ്പിലെ ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഏഴ് ഫലവൃക്ഷങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. മാവും പുളിയും പ്ലാവും ഉൾപ്പെടെയുള്ള വൃക്ഷങ്ങളുടെ ആയുസ് വർദ്ധിപ്പിക്കുന്നതിനും ജീർണതയെ ചെറുക്കുന്നതിനുമായി പ്രത്യേക ആയുർവേദ പരിചരണം നൽകും.വൃക്ഷചികിത്സക്കായി കേരളത്തിൽ നിന്നുള്ള വിദഗ്ധ ആയുർവേദ സംരക്ഷകരും ഡോക്ടർമാരും അടങ്ങുന്ന സംഘത്തേയും എത്തിച്ചിട്ടുണ്ട്. പ്രാചീൻ വൃക്ഷ ആയുർവേദിക് ചികിത്സ, വൃക്ഷ പോഷണ യോഗ, വൃക്ഷ പൂജ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് പരിചരണം.ആയുർവേദത്തിലൂടെയുള്ള രോഗശാന്തി എന്ന ആര്യ വൈദ്യ ഫാർമസിയുടെ തത്വത്തെ മുറുകെ പിടിക്കുന്നതാണെന്ന് ഈ സംരംഭമെന്ന് എവിപി മാനേജിംഗ് ഡയറക്ടർ സി ദേവിദാസ് വാര്യർ പറഞ്ഞു. ആധുനിക പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള താക്കോൽ നമ്മുടെ കൈവശം ഉണ്ടെന്നതിന്റെ ഓർമപ്പെടുത്തൽ കൂടിയാണിതെന്നും അദ്ദേഹം പറഞ്ഞു.ജൈവവൈവിധ്യം എപ്പോഴും ഊന്നിപ്പറയുന്ന ആയുർവേദ തത്വങ്ങൾ ആധുനിക സംരക്ഷണ പ്രവർത്തനങ്ങളിൽ എങ്ങനെ ഉപയോഗിക്കാമെന്ന് ഈ സംരംഭം തെളിയിക്കുന്നതായി സെന്റർ ഓഫ് ഇന്ത്യൻ മെഡിക്കൽ ഹെറിറ്റേജ് (സിഐഎംഎച്ച്) പ്രസിഡന്റ് ഡോ. അജയൻ സദാനന്ദൻ പറഞ്ഞു. കേവലം മരങ്ങളെ സംരക്ഷിക്കുന്നതിനപ്പുറം മുഴുവൻ ആവാസ വ്യവസ്ഥയേയും പിന്തുണയ്ക്കുന്ന സംവിധാനമാണ് ഇതിലൂടെ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രാചീൻ വൃക്ഷ ആയുർവേദ ചികിൽസാ പദ്ധതി നിരവധി രോഗശാന്തി പരിഹാരങ്ങളുടെ ഉറവിടം തന്നെ സംരക്ഷിക്കപ്പെടുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യും. 120 വർഷത്തിലേറെ ആയുർവേദ പൈതൃകമുള്ള എവിപി വ്യക്തികൾക്ക് മാത്രമല്ല പ്രപഞ്ചത്തിനും സമഗ്രമായ ആരോഗ്യം ലക്ഷ്യം വയ്ക്കുന്നു. ഗോവയിൽ നടത്തുന്ന ഈ പദ്ധതി വിജയിച്ചാൽ വിപ്ലവകരമായ ഈ മാതൃക ഇന്ത്യയിലുടനീളവും അതിനപ്പുറവും നടപ്പാക്കാനാകും.



# കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തോൺ ഒക്ടോബർ 27 ന്

**കൊച്ചി:** നഗരസഭ, കൊച്ചി പോലീസ്, സോൾസ് ഓഫ് കൊച്ചിൻ റണ്ണേഴ്സ് ക്ലബ് എന്നിവർ സംയുക്തമായി നടത്തുന്ന കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തോൺ ഒൻപതാമത് എഡിഷൻ 2024 ഒക്ടോബർ 27 ഞായറാഴ്ച കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ നടക്കും. പതിവ് പോലെ 42.2 കിലോമീറ്റർ ഫുൾ മാരത്തോൺ, 21.1 കിലോമീറ്റർ ഹാഫ് മാരത്തോൺ, 5 കിലോമീറ്റർ ഫൺ റൺ എന്നീ മൂന്ന് ദൂരങ്ങളാണ് മാരത്തോണിനുള്ളത്.

മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ നിന്ന് തുടങ്ങുന്ന മാരത്തോൺ ക്വീൻസ് വേ, ഫോർഷോർ റോഡ്, തേവര, രവിപുരം, നേവൽ ബേസ്, വെണ്ടുരുത്തി, തോപ്പുംപടി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വില്ലിങ്ടൺ ഐലൻഡ് വഴി കറങ്ങി തിരിക മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ അവസാനിക്കും. ഫുൾ മാരത്തോൺ രാവിലെ മൂന്നര മണിക്കും ഹാഫ് മാരത്തോൺ രാവിലെ നാലര മണിക്കും ഫൺ റൺ രാവിലെ ആറര മണിക്കും ആരംഭിക്കും. എല്ലാ രണ്ട് കിലോമീറ്ററിലും വെള്ളവും എനർജി ഡ്രിങ്കും ലഭിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും. മെഡിക്കൽ ട്രസ്റ്റിന്റെ ആംബുലൻസുകളും 150ൽ പരം പാരാമെഡിക്കൽ സ്റ്റാഫും വൈദ്യസഹായത്തിന് ഉണ്ടാകും. സൈക്കിൾ വോളണ്ടിയർമാരും മറ്റു വോളണ്ടിയർമാരും ഓട്ടക്കാരുടെ സേവനത്തിനായി രംഗത്തുണ്ടാകും.

എല്ലാ ഇനങ്ങളിലുമായി മൂവായിരത്തിനു മുകളിൽ രജിസ്ട്രേഷൻ ഇതിനകം നടന്നിട്ടുണ്ട്. ലോകത്തിന്റെ പലഭാഗത്തുനിന്നുമായി ഓട്ടക്കാർ പങ്കെടുക്കുന്ന മാരത്തോൺ പൂർണമായും പ്രകൃതി സൗഹൃദപരമായിരിക്കും. ഒരിടത്തും ഒറ്റതവണ ഉപയോഗ പ്ലാസ്റ്റിക് ഉണ്ടായിരിക്കുന്നതല്ല. ബോർഡുകൾ എല്ലാം തുണി കൊണ്ടുള്ളതായിരിക്കും. ഫിനിഷ് ചെയ്യുന്ന എല്ലാവർക്കും മെഡലും ഭക്ഷണവും ലഭിക്കുന്നതാണ്.

# സുധീന്ദ്രയിൽ സൗജന്യ പ്രിസിഷൻ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഈ മാസം 29 ന് (സെപ്തംബർ 29, ഞായർ) സൗജന്യ പ്രിസിഷൻ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. വെൽനെസ് സൊല്യൂഷൻസ് ഇന്റഗ്രേറ്റീവ് പ്രിസിഷൻ മെഡിസിന്റെ നേതൃത്വത്തിൽ രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ നടക്കുന്ന ക്യാമ്പിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന നൂറ് പേർക്കാണ് അവസരം ലഭിക്കുക. ക്യാമ്പിന്റെ ഭാഗമായി പ്രിസിഷൻ മെറ്റബോളിക് അസസ്മെന്റിന്റെ സൗജന്യ സ്ക്രീനിംഗും ഉണ്ടാകും. ഡോ.എ ശ്രീകുമാർ, ഡോ. രഘുകുമാർ, ഡോ.ഷൺമുഖ പ്രിയ, ഡോ. ഫഹിം എന്നിവരാണ് ഇന്റഗ്രേറ്റീവ് പ്രിസിഷൻ മെഡിസിൻ വിഭാഗത്തിന് നേതൃത്വം നൽകുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി 9349191713, 9048099957 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.



# ബോധാനന്ദ സ്വാമികളുടെ സമാധിദിനം ആചരിച്ചു

**കൊച്ചി:** ബോധാനന്ദ സ്വാമികളുടെ 97ാ മത് സമാധിദിനം വിവിധ പരിപാടികളോടെ ശ്രീനാരായണ സേവാസംഘം ആചരിച്ചു.സംഘം സെക്രട്ടറി പി.പി. രാജൻ അനുസ്മരണ പ്രഭാഷണം നടത്തി. ശ്രീനാരായണ സേവാ വനിതാസംഘത്തിൻറെ നേതൃത്വത്തിൽ ഗുരുദേവ കൃതികളുടെ സംഗീതാവിഷ്ക്കാരം നടന്നു.



# നെടുമ്പാശേരി വിമാനത്താവളത്തിന് ഇലക്ട്രോണിക് കവചം

**കൊച്ചി:** നെടുമ്പാശേരി വിമാനത്താവള ഓപ്പറേഷണൽ മേഖലയുടെ സുരക്ഷയ്ക്കായി ഒരുക്കിയ അത്യാധുനിക ഇല്ക്ട്രോണിക് കവചവും ഇന്റർനാഷണൽ ടെർമിനലിലെ പുതുക്കിയ ലോഞ്ചിന്റെയും ഉദ്ഘാടനം ഇന്ന് രാവിലെ 10.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ നിർവഹിക്കും. വിമാനത്താവള ഓപ്പറേഷണൽ മേഖലയ്ക്ക് ' പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റത്തിന്റെ (പിഡ്സ്) ' സുരക്ഷ. 12 കി.മി ചുറ്റുമതിലിൽ വൈദ്യുതി വേലി, ഫൈബർ ഒപ്റ്റിക് വൈബ്രേഷൻ സെൻസർ, തെർമൽ ക്യാമറകൾ ഘടിപ്പിച്ചതാണ് ചുറ്റുമതിൽ ഇലക്ട്രോണിക് സുരക്ഷാ വലയം.ചുറ്റുമതിലിലും കാനകളിലുമുണ്ടാകുന്ന നേരിയ കമ്പനങ്ങളും താപ വ്യതിയാനവും തത്സമയം കൺട്രോൾ സെന്ററിലേയ്ക്ക് അയക്കുന്നു.ഇത്രയും സമഗ്രമായ സുരക്ഷാ കവചം ഇന്ത്യയിലാദ്യം.

30 കോടി രൂപയാണ് ചെലവ്. ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡ് ആണ് പിഡ്സിനുവേണ്ട സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയത്. ടെർമിനൽ ത്രീ ഡിപ്പാർച്ചറിൽ ലാണ് അധിക ലോഞ്ച് നിർമിച്ചിരിക്കുന്നത്. ഇതോടെ ലോഞ്ചിന്റെ വിസ്തൃതി 14,000 ചതുരശ്രയടിയിൽ നിന്ന് 21,000 ചതുരശ്രയടിയായി വർധിപ്പിച്ചു. തിരക്കേറിയ സമയത്തും ഇനി സൗകര്യപ്രദമായി ലോഞ്ച് അനുഭവം ലഭ്യമാകും.

അർഹതയുള്ള ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് ഹോൾഡർമാരുടെ ദീർഘകാല ആവശ്യത്തിനാണ് ഇതോടെ പരിഹാരമാകുന്നത്സെപ്റ്റംബർ ഒന്നിന് കമ്മിഷൻ ചെയ്ത 0484 എയ്റോ ലോഞ്ചിൽ ഒക്ടോബർ രണ്ടാം വാരത്തോടെ ബുക്കിങ് തുടങ്ങും.

# നഗരാസൂത്രണത്തിനുള്ള ആധുനിക സംവിധാനങ്ങൾ; ദ്വിദിന ശിൽപ്പശാല നടന്നു

**കൊച്ചി:** നഗരാസൂത്രണത്തിന് ജിഐഎസ് സാങ്കേതികവിദ്യ ഉപയുക്തമാക്കുക, ജനങ്ങളുടെ പങ്കാളിത്തം നഗരാസൂത്രണ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ജർമ്മനിയിലെ ഹാഫൻ സിറ്റി യൂണിവേഴ്സിറ്റി വികസിപ്പിച്ച സോഫ്റ്റ്വെയർ സാങ്കേതിക സംവിധാനമാണ് 'ടൂൾ കിറ്റ് ഫോർ ഓപ്പൺ ആൻഡ് സസ്റ്റൈനബിൾ സിറ്റി പ്ലാനിങ് ആൻഡ് അനാലിസിസ്'. ഇൻഡോജർമൻ സഹകരണത്തിന്റെ ഭാഗമായി ഇന്ത്യ ഗവൺമെന്റും ജർമൻ ഗവൺമെന്റും ജർമ്മൻ ഫെഡറൽ മിനിസ്ട്രി ഫോർ എക്കണോമിക് കോർപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്(ബിഎം ഇസഡ്) Deutsche Gesellschaft fr Internationale Zusammenarbeit (ജി.ഐ.ഇസഡ്) ഏായഒ യുമായി സഹകരിച്ച് കൊച്ചി ഉൾപ്പെടെ ഇന്ത്യയിലെ നാല് നഗരങ്ങളായ ചെന്നൈ, മാംഗളൂർ, മണിക്കോണ്ട എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ നാല് നഗരങ്ങളിലെയും ഠഛടഇഅ ടൂൾകിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് സംബന്ധിച്ച ദ്വിദിന സാങ്കേതിക ശില്പശാല 2024 സെപ്റ്റംബർ



24, 25 തീയതികളിലായി കൊച്ചിയിൽ നടന്നു. കൊച്ചി മേയർ അഡ്വ എം അനിൽകുമാർ ദ്വിദിന ശില്പശാല ഉദ്ഘാടനം ചെയ്തു. ഇത്തരത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള നഗരാസൂത്രണ പ്രവർത്തനങ്ങൾ ഇന്ത്യയിലെ മറ്റു നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ നഗരാസൂത്ര പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് മേയർ അഡ്വ എം അനിൽകുമാർ അഭിപ്രായപ്പെട്ടു.ഓപ്പൺ സോഴ്സ് ഡാറ്റ ഭൂപടങ്ങളുടെ സഹായത്തോടെ ജനങ്ങൾക്ക് നഗരാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ സാധിക്കുകയും ഇത്തരം പ്രവർത്തനങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ രേഖപെടുത്താൻ സാധിക്കുകയും ചെയ്യുന്ന വിധത്തിലാണ് ഈ ടൂൾകിറ്റ് വികസിപ്പിച്ചിട്ടുള്ളത്. ഇതിലൂടെ രേഖപ്പെടുത്തുന്ന ആശയങ്ങൾ നഗരസൂത്രണ പ്രവർത്തനങ്ങളിൽ ഉപയോക്താമാക്കുന്നതിലൂടെ നഗരാസൂത്രണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി മാറ്റുവാൻ നഗരങ്ങൾക്ക് സാധിക്കും.എസ്.യു.ഡി.എസ്.സി കക പദ്ധതിയുടെ ഭാഗമായി ജി.ഐ.ഇസഡിന്റെ സഹായത്തോടെ കൊച്ചി നഗരത്തിനായി ഒരു അർബൻ ഒബ്സർവേറ്ററി (കെയുഒ) സ്ഥാപിക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ പൊതുവിടങ്ങളിലെ വെല്ലുവിളികൾ നേരിടുന്നതിനുള്ള ഒരു പൈലറ്റ് മോഡൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ ടൂൾകിറ്റ് നഗരത്തിലെ പൊതു ഹരിത ഇടങ്ങൾ തിരിച്ചറിയാനും രൂപകൽപ്പന ചെയ്യാനും പരിപാലിക്കാനും നഗരഅധികാരികളെ സഹായിക്കും.

# എപികെ വാർഷിക പൊതുയോഗം

**കൊച്ചി:** തോട്ടമുടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എപികെ)യുടെ എൺപത്തി അഞ്ചാമത് വാർഷിക പൊതുയോഗം ഈ മാസം 28 ന് വൈകിട്ട് അഞ്ചു മണിക്ക് വില്ലിംഗ്ടൺ ഐലൻഡിലെ കാസിനോ ഹോട്ടലിൽ നടക്കും. ഇടതുമുന്നണി കൺവീനർ ശ്രീ.ടി.പി രാമകൃഷ്ണൻ.ങഘഅ സമ്മേളനം ഉദ്ഘാടനം ചെയ്യും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എപിഎം മുഹമ്മദ് ഹനീഷ്, പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.വി. നമശിവായം, ഉപാസി പ്രസിഡന്റ് ശ്രീ.കെ. മാത്യു എബ്രഹാം എന്നിവർ വിശിഷ്ടാഥിതികളായി പങ്കെടുക്കും.റബർ, തേയില ഉത്പാദനത്തിലെ ഇടിവ്, തോട്ടം മേഖലയിലെ പ്രതിസന്ധി തുടങ്ങിയവ യോഗം ചർച്ച ചെയ്യുമെന്ന് എപികെ ചെയർമാൻ പ്രിൻസ് തോമസ് ജോർജ് പറഞ്ഞു.



# എച്ച് സി എൽ ഫൗണ്ടേഷൻ തീരദേശ ശുചീകരണം നടത്തി

**കൊച്ചി:** എച്ച് സി എൽ ഫൌണ്ടേഷൻ , അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തോടനുബന്ധിച്ച് തീരദേശ ശുചീകരണ കാംപെയിൻ നടത്തി. ആന്ധ്രാപ്രദേശ്, തമിഴ്നാട്, ഒഡീഷ, കേരളം, പശ്ചിമ ബംഗാൾ, കർണാടക എന്നീ ആറ് സംസ്ഥാനങ്ങളെ ഉൾപ്പെടുത്തിയുള്ള ഈ ഉദ്യമത്തിൽ ഇന്ത്യയുടെ തീരദേശ, സാമുദ്രിക പരിസ്ഥിതി സംരക്ഷിക്കാനും പരിരക്ഷിക്കാനുമുള്ള പരിശ്രമത്തോടെ ആയിരക്കണക്കിന് വൊളൻറിയർമാർ പങ്കെടുത്ത് വിവിധ സ്ഥലങ്ങളിൽ നിന്ന് 18,485 കിലോഗ്രാം മാലിന്യം ശേഖരിച്ചു.




# ഹൃദയസംഗമം 29ന്

കൊച്ചി: ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി ഹാർട്ട് കെയർ ഫൗണ്ടേഷനും ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഹൃദയസംഗമം' സെപ്റ്റംബർ 29ന് കൊച്ചി ഐഎംഎ ഹാളിൽ നടക്കും. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഒത്തുചേരലാണ് ഹൃദയസംഗമം. രാവിലെ 9.30 നടക്കുന്ന ചടങ്ങ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുമെന്ന് ഹാർട്ട് കെയർ ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപുരം, ഹാർട്ട് കെയർ ഫൗണ്ടേഷൻ സെക്രട്ടറി രാജു കണ്ണമ്പുഴ, ഹാർട്ട് കെയർ ഫൗണ്ടേഷൻ ട്രസ്റ്റീ ഡോ. ജേക്കബ് ഏബ്രഹാം, ഹാർട്ട് കെയർ ഫൗണ്ടേഷൻ സി.ഒ.ഒ ലിമി റോസ് ടോം എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൊച്ചി മെട്രോ റെയിൽ മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ മുഖ്യാതിഥിയാകും.ഈ വർഷത്തെ ഹാർട്ട് കെയർ ഫൗണ്ടേഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് റിനൈ മെഡിസിറ്റിയിലെ അനസ്തേഷ്യ ആൻഡ് ക്രിട്ടിക്കൽ കെയർ വിഭാഗം മേധാവിയും ലീഡ് കൺസൾട്ടന്റുമായ ഡോ. ഏബ്രഹാം ചെറിയാന് സമ്മാനിക്കും. പ്രശംസാപത്രവും ഫലകവും 50000 രൂപയും അടങ്ങുന്നതാണ് പുരസ്കാരം. കാർഡിയാക് അനസ്തേഷ്യയിൽ ഡിഎം സർട്ടിഫിക്കറ്റ് കോഴ്സിന് തുടക്കം കുറിച്ച പ്രമുഖ വ്യക്തിയാണ് ഡോ. ഏബ്രഹാം. ദേശിയ, അന്തർദേശിയ മെഡിക്കൽ ജേണലുകൾ ഇദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെ സങ്കീർണമായ കേസുകൾ കൈകാര്യം ചെയ്തിട്ടുള്ള ഡോ. ഏബ്രഹാമിന് ചികിത്സാ മേഖലയിൽ മുപ്പത് വർഷത്തെ പ്രവർത്തി പരിചയമുണ്ട്. ഹൃദയ സംഗമത്തിൽ ഹൃദയാരോഗ്യത്തെ സംബന്ധിച്ച് വിദഗ്ദ്ധർ നയിക്കുന്ന ക്ലാസ്, പാനൽ ചർച്ച എന്നിവയും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ; ജില്ലയിൽ ഒരുക്കങ്ങൾ ആരംഭിച്ചു

**കൊച്ചി:** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന് വേണ്ടിയുള്ള ഒരുക്കങ്ങൾ ജില്ലയിൽ ആരംഭിച്ചു. 2024 ഗാന്ധി ജയന്തി ദിനം മുതൽ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30 വരെയുള്ള ആറുമാസക്കാലം കൊണ്ട് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സംസ്ഥാനം കൈവരിക്കേണ്ടതുണ്ട് . ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അധ്യക്ഷനും ജില്ലാ കളക്ടർ കൺവീനറുമായുള്ള ജില്ലാ നിർവ്വഹണസമിതി രൂപീകരണം പൂർത്തിയായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ സമിതികൾ രൂപീകരിച്ചു വരുന്നു. ക്യാമ്പയിൻറെ ഉദ്ഘാടനം ഒക്ടോബർ 2 ന് നടത്താനുള്ള ഒരുക്കത്തിലാണ് ജില്ലയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും. അതിനു മുന്നോടിയായി ജില്ലാ കളക്ടറേറ്റ്, ജില്ലാ പഞ്ചായത്ത്, തൃക്കാക്കര മുൻസിപ്പാലിറ്റി എന്നിവയുടെ മധ്യ ഭാഗത്തായുള്ള മാലിന്യ കൂന നീക്കം ചെയ്തു വൃത്തിയുള്ള പൊതുഇടം ആക്കുവാനുള്ള പ്രവർത്തനം ഏറ്റെടുത്തു കൊണ്ട് ജനകീയ പങ്കാളിത്തം ഉറപ്പാക്കിയുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ,ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉണ്ണി കാക്കനാട് എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതോ, പൂർത്തീകരിച്ചതോ ആയ പ്രവർത്തനങ്ങളോ മികച്ച മാതൃകകളോ കണ്ടെത്തി ജില്ലാതലം മുതൽ ബ്ലോക്ക്, നഗരസഭ, ഗ്രാമപഞ്ചായത്ത്, വാർഡ് തലത്തിൽ വരെ ഉദ്ഘാടനം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം സാധ്യമാക്കാനുള്ള 180ദിവസത്തെ ജനകീയ ക്യാമ്പയിനിലൂടെ മാലിന്യത്തിന്റെ പരമാവധി അളവ് കുറക്കുക, ഉണ്ടാകുന്ന ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ വളമോ, ബയോ ഗ്യാസോ ആക്കി മാറ്റുക, അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ചു തരം തിരിച്ചു കൈമാറുക, പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുക, ഒറ്റ തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ കർശനമായ നിരോധനം, ശക്തമായ നിയമ നടപടികൾ സ്വീകരിക്കുക എന്നിവ ലക്ഷ്യം വയ്ക്കുന്നു. രാഷ്ട്രീയ വർഗ്ഗ ബഹുജന സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ ക്യാമ്പയിന്റെ ഭാഗമാകും.

തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന ടൗണുകൾ, ജംഗ്ഷനുകൾ എന്നിവ ശുചിത്വമുള്ളതും വൃത്തിയുള്ളതുമാക്കി തീർക്കും. അയൽക്കൂട്ടങ്ങളെ ഹരിതയൽക്കൂട്ടങ്ങളാക്കി മാറ്റുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഹരിത ക്യാമ്പസും ഹരിത വിദ്യാലയങ്ങളാക്കി മാറ്റുകയും ഓഫീസുകളെ ഹരിത ഓഫീസുകളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി നടക്കും. മലിനീകരിക്കപ്പെട്ട നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കും. ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കും.

നവംബർ ഒന്നിന് ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം പൂർത്തീകരിക്കുവാനാണ് ലക്ഷ്യം വയക്കുന്നത്. കെഎംഎ എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള എൻഎസ് എസ് വോളണ്ടിയേഴ്സ്, യുവജന ക്ഷേമ ബോർഡ് വോളന്റിയെഴ്സ് ആയ ടീം കേരള, തൃക്കാക്കര നഗരസഭ കണ്ടിൻജൻസി വിഭാഗം എന്നിവരുടെ സഹകരണത്താൽ ആണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്മാർ, ഹരിതകേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, നഗരസഭ എച്ച് എസ് എച്ച്. എക്സ്. വിൽസൺ, ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ, മിഷൻ ആർപി മാർ എന്നിവരും ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു.




## നാളികേര വികസന ബോർഡ് ശുചീകരണ യജ്ഞം ആചരിച്ചു

**കൊച്ചി:** സ്വച്ഛതാ ഹി സേവ 2024 ന്റെ ഭാഗമായി നാളികേര വികസന ബോർഡ് ശുചീകരണ ക്യാമ്പെയ്ൻ സംഘടിപ്പിച്ചു. എറണാകുളം എസ്ആർവി എൽപി സ്കൂളിൽ നടത്തിയ ശുചീകരണ ക്യാമ്പെയ്ൻ എറണാകുളം എംഎൽഎ ടി. ജെ. വിനോദ് ഉദ്ഘാടനം ചെയ്തു. മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡയുടെയും, സെക്രട്ടറി ആർ. മധുവിന്റെയും നേതൃത്വത്തിൽ ബോർഡ് ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഇതിൽ പങ്കെടുത്തു. രാജ്യത്തൊട്ടാകെയുള്ള നാളികേര വികസന ബോർഡിന്റെ വിവിധ യൂണിറ്റ് ഓഫീസുകളുടെ നേതൃത്വത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പരിസര ശുചീകരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഈ ശുചീകരണ യജ്ഞം രാജ്യത്തൊട്ടാകെ സംഘടിപ്പിക്കുന്നത്.

## സർവെ പരീക്ഷാഫലം

**തിരുവനന്തപുരം:** തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ നടത്തിയ റവന്യു ജീവനക്കാരുടെ ചെയിൻ സർവെ പരീക്ഷാഫലവും തിരുവനന്തപുരം, കണ്ണൂർ കേന്ദ്രങ്ങളിൽ നടത്തിയ റവന്യു ജീവനക്കാരുടെ ഹയർ സർവെ പരീക്ഷാഫലവും പ്രസിദ്ധീകരിച്ചു. സർവെ ഡയറക്ടറേറ്റിലും സർവെ ഓഫീസുകളിലും www.dslr.kerala.gov.in ലും പരീക്ഷാഫലം പരിശോധിക്കാം.



## പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായ ജയന്തി

**എടത്തല:** പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായ ജയന്തി പുഷ്പാർച്ചന ബി ജെ പി എടത്തല ഈസ്റ്റ് ബൂത്ത് 167 കുഞ്ചാട്ടുകരയിൽ പഞ്ചായത്ത് കമ്മറ്റി പ്രസിഡന്റ് ഗോപു കൃഷ്ണൻ എം.യു ഉത്ഘാടനം ചെയ്തു. എം. അപ്പു, പഞ്ചായത്ത് കമ്മറ്റി അംഗങ്ങളായ ടി.കെ ജനാർദനൻ, സുരേന്ദ്രൻ വയലോരം, ബൂത്ത് കമ്മിറ്റി അംഗം ഉണ്ണികൃഷ്ണൻ അരിമ്പശ്ശേരി, പ്രമോദ് പൊയ്യാട്ട് എന്നിവർ നേതൃത്വം നൽകി.

## കുസാറ്റ്: ജോബ് ഫെയർ

**കൊച്ചി:** കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോമോ!ഡൽ കരിയർ സെന്ററിന്റിന്റെ ആഭിമുഖ്യത്തിൽ മലയിടംതുരുത്ത് സർവ്വീസ് കോഓപ്പറേറ്റീവ് സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് സെപ്റ്റംബർ 28, ശനിയാഴ്ച രാവിലെ 10.00 മുതൽ സ്വകാര്യ സ്ഥാപനങ്ങളിലെ 700 ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു. പത്താംക്ലാസ്സ്, പ്ലസ്ടു, ബിരുദം,ബിരുദാനന്തര ബിരുദം, ഡിപ്ലോമ, ബിടെക്, എംടെക്, എം.ബി.എ, എം.കോം,ബി.എസ്.സി. ജി.എൻ.എം, ബി.എ.എം.എസ്,

തുടങ്ങിയ യോഗ്യതയുള്ളവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. പങ്കെടുക്കുവാൻ താല്പര്യമുളവർ ugbkchi.emp@gmail.com എന്ന മെയിൽ ഐ!ഡിയിലേക്ക് പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ അയച്ച് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0484 2576756 എന്ന നമ്പറിൽ

# പരിസ്ഥിതി സൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കപ്പെടണം: കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ

**കൊച്ചി:** പരിസ്ഥിതി സൗഹൃദ ജീവിതശൈലി സ്വീകരിക്കാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കണമെന്ന് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ. ദേശീയ സമുദ്ര മലിനീകരണ പരിസ്ഥിതി വിഷശാസ്ത്ര സമ്മേളനം കൊച്ചി സർവകലാശാലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന പ്രകൃതിവിഭവങ്ങളുടെ അമിതഭാരം ഒഴിവാക്കണം. അതിൽ ഇന്ത്യാ ഗവൺമെന്റ് വിഭാവനം ചെയ്യുന്ന സ്വച്ഛ് ഭാരത് പദ്ധതി പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു

ഹൈബി ഈഡൻ .എം.പി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. പ്രഫ. പി ജി ശങ്കരൻ (മുൻ വൈസ് ചാൻസലർ, കുസാറ്റ്), കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എസ്.ശ്രീകല, ഹെഡ്, മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി, കുസാറ്റ് പ്രൊഫ. ടി.പി. സജീവൻ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇടകണ്ണിന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച്ച് ഡോ. രവി റാം ക്രിസ്രിപതി , കെ. വെങ്കിട്ടരാമ ശർമ്മ, (സയന്റിസ്റ്റ്എഫ്, എംഇഇഎസ്നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്) എന്നിവർ സംസാരിച്ചു . സെപ്റ്റംബർ 27 വരെ നടക്കുന്ന സമ്മേളനം സമുദ്ര മലിനീകരണത്തിലെ പ്രധാന പ്രശ്നങ്ങൾ, സമുദ്രജീവികളിലെ വിഷശാസ്ത്രപരമായ ആഘാതങ്ങൾ, തീരദേശ ആവാസവ്യവസ്ഥയ്ക്കുള്ള സുസ്ഥിര പരിഹാരങ്ങളുടെ രൂപീകരണം എന്നിവ ചർച്ച ചെയ്യും. അമേരിക്കയിലെ വുഡ്സ് ഹോൾ ഓഷ്യാനോഗ്രാഫിക് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ, ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള 35 സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ നിന്നുള്ള 410 പേർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. മറൈൻ എക്സ്പോയിൽ 12 സ്ഥാപനങ്ങൾ പങ്കെണ്ടുക്കുന്നുണ്ട്.

# വല്ലാർപാടം ബസലിക്ക മഹാ ജൂബിലി ആഘോഷം : സാംസ്കാരിക സമ്മേളനം സംഘടിപ്പിച്ചു

**കൊച്ചി:** ജീവിതത്തിലെ സകല ദുഖങ്ങൾക്കും വേദനകൾക്കും പരിഹാരമാകുന്നതിൽ ഈശ്വര ചിന്തയ്ക്ക് അതിപ്രാധാന്യമുണ്ടെന്ന് പ്രൊഫ.എം.കെ സാനുമാസ്റ്റർ പ്രഖ്യാപിച്ചു. വിവിധ കലകളെ ഉപാസിക്കുക വഴി സകല ജനതകളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും അത് കാരണമാകുമെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു. വല്ലാർപാടം ബസിലിക്കയുടെ സ്ഥാപനത്തിന്റേയും പരിശുദ്ധ ദൈവമാതാവിന്റെ തിരുചിത്ര പ്രതിഷ്ഠയുടേയും മഹാ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള സാംസ്കാരിക സമ്മേളനം ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് അധ്യക്ഷനായിരുന്നു. പ്രൊഫ.കെ.വി.തോമസ്, ടി ജെ വിനോദ് എം എൽ എ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ അനിൽ ഫിലിപ്പ് ഇങ്കക, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ.എൽസി ജോർജ്, മുളവുകാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് റോസ് മാർട്ടിൻ, വല്ലാർപാടം ഹിസ്റ്ററി കമ്മീഷൻ കോർഡിനേറ്റർ യു.ടി. പോൾ, ജനറൽ കൺവീനർ പീറ്റർ കൊറയ, ഫാ. സാവിയോ ആന്റണി തെക്കേപ്പാടത്ത്, ഫാ.ഷിബു ചാത്തനാട്ട്, സിസ്റ്റർ അന്ന നിമ്മി, ബിസിസി ലീഡർ പി.എൽ ജോയ് എന്നിവർ പ്രസംഗിച്ചു. സിനിമാ താരം ടിനി ടോം കലാപരിപാടികളുടെ ഉത്ഘാടനം നിർവ്വഹിച്ചു.



# മെഡിക്കൽ കോളേജുകൾക്കും സേവന മികവിനുള്ള പുരസ്കാരം ഏർപ്പെടുത്തും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങളെ പോലെ മെഡിക്കൽ കോളേജുകൾക്കും സേവന മികവിനുള്ള പുരസ്കാരം ഏർപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എല്ലാ മെഡിക്കൽ കോളേജുകളിലും വലിയ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൂടാതെ അനേകായിരം പേർക്കാണ് ദിവസവും വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകുന്നത്. ആ സേവനങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന അനുമോദന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.

ആരോഗ്യ രംഗത്ത് ഗവേഷണത്തിന് അനന്ത സാധ്യതകളാണുള്ളത്. അത് മുന്നിൽ കണ്ട് ഗവേഷണത്തിന് സംസ്ഥാന സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. ഗവേഷണത്തിന് പൊതു അന്തരീക്ഷം ഒരുക്കും. സംസ്ഥാനത്തിന് സ്വന്തമായി ഗവേഷണ നയം രൂപീകരിക്കാൻ തീരുമാനിച്ചു. ഗവേഷണത്തിനുള്ള അനുമതി ഏകജാലകം വഴി ലഭ്യമാക്കാനുള്ള ശ്രമം നടത്തും. ഏറ്റവും നല്ല ഗവേഷണത്തിന് റിവാർഡ് നൽകുന്നതാണ്.

തുടർച്ചയായി രണ്ടാം വർഷവും ദേശീയ റാങ്കിംഗ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും ദന്തൽ കോളേജും ഉൾപ്പെട്ടത് അഭിമാനകരമായ കാര്യമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുകയാണ്. രാജ്യത്തെ മികച്ച മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെടുന്നത്. കഠിനാധ്വാനത്തിന്റേയും സമർപ്പണത്തിന്റേയും പരിണിതഫലമാണ് മെഡിക്കൽ കോളേജിന് ലഭിച്ച ഈ അംഗീകാരം. നമ്മുടെ ആരോഗ്യ പ്രവർത്തകരെ ലോകത്തിന് ആവശ്യമുണ്ട്. ആ സാഹചര്യത്തിൽ എല്ലാവരും ശ്രദ്ധിക്കുന്ന റാങ്കിംഗിൽ കേരളം എന്ത് കൊണ്ട് എത്തുന്നില്ല എന്ന ചർച്ചയിൽ നിന്നുമാണ് ഈ പ്രചോദനം. മെഡിക്കൽ കോളേജിൽ ഇന്ന് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വീണ്ടും നടക്കുകയാണ്. ഇനിയും കൂടുതൽ മുന്നോട്ട് പോകാൻ മെഡിക്കൽ കോളേജിന് കഴിയട്ടെ എന്നും മന്ത്രി ആശംസിച്ചു.

കേരളത്തിലെ ദന്തൽ ചികിത്സ ഗുണമേന്മയുള്ളതും ലാഭകരമാണെന്നുമാണ് വിദേശത്തുള്ളവരുടെ വിലയിരുത്തിൽ. ആ സാധ്യത മുന്നിൽ കണ്ട് കേരളത്തെ ഹെൽത്ത് ഹബ്ബ് ആക്കി മാറ്റാനാണ് ശ്രമിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിനേയും ദന്തൽ കോളേജിനേയും ആദ്യ ഘട്ട ഹെൽത്ത് ഹബ്ബ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖല വെല്ലുവിളികളിലൂടെ കടന്നുപോകുമ്പോൾ അതിൽ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നവരാണ് ആരോഗ്യ പ്രവർത്തകർ. മലപ്പുറത്ത് തിരിച്ചറിയാതെ പോകുമായിരുന്ന നിപ തിരിച്ചറിഞ്ഞത് ഒരു ഉദാഹരണമാണ്. ലോകത്തിന് മുമ്പിൽ കേരളം വലിയ മാതൃകയാണ്. സമർപ്പിതമായി സേവനമനുഷ്ഠിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകരേയും അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി മന്ത്രി പ്രസിദ്ധീകരിച്ചു. കേരളത്തിൽ ഏറ്റവും സാധാരണമായി ഉപയോഗത്തിലുള്ള മരുന്നുകളുടെ വിശദവിവരങ്ങൾ സംഗ്രഹിച്ചിട്ടുള്ള ഒരു റഫറൻസ് പ്രമാണമാണ് ഡ്രഗ് ഫോർമുലറി. മരുന്നുകളുടെ പേരുകൾ, അളവ്, പാർശ്വഫലങ്ങൾ, ഉപയോഗങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയാണ് ഈ ഫോർമുലറി തയ്യാറാക്കിയിട്ടുള്ളത്. ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, നഴ്സുമാർ, ഫാർമസി സ്റ്റാഫ് എന്നിവർക്കെല്ലാം പ്രയോജനപ്രദമായ ഒരു റഫറൻസ് ഗ്രന്ഥമാണിത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമക്കോളജി വകുപ്പാണ് ഫോർമുലറി തയ്യാറാക്കിയിരിക്കുന്നത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. വിശ്വനാഥൻ അധ്യക്ഷത വഹിച്ച യോഗത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. ബീന വി.ടി., സ്പെഷ്യൽ ഓഫീസർ ഡോ. ടി.കെ. പ്രേമലത, ഡ്രഗ് ഫോർമുലറി കമ്മിറ്റി ചെയർമാൻ ഡോ. എം. നരേന്ദ്രനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് ജെ. മോറിസ്, ദന്തൽ കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ഹർഷകുമാർ കെ., മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. ബി.എസ്. സുനിൽകുമാർ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. എസ്. ബിന്ദു എന്നിവർ സംസാരിച്ചു.

# ഭിന്നശേഷിക്കാർക്ക് തടസ്സരഹിത ജീവിതം ഉറപ്പാക്കുമെന്ന് മന്ത്രി

**തിരുവനന്തപുരം:** തടസരഹിത ജീവിതം ഭിന്നശേഷിക്കാർക്ക് ഉറപ്പു നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം എന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് വിവിധ സഹായ ഉപകരണങ്ങളും മറ്റ് പദ്ധതി ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ക്യാമ്പിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ഇതിന്റെ ഭാഗമായി പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും തടസ്സരഹിതമായി മുന്നേറാൻ ഭിന്നശേഷിക്കാർക്ക് കഴിയണം. ആത്മവിശ്വാസത്തോടെയും നിശ്ചയദാർഢ്യത്തോടെയും പ്രവർത്തിക്കാൻ ഇവർക്ക് എല്ലാവിധ സഹായങ്ങളും പിന്തുണയും സർക്കാർ നൽകുമെന്നും മന്ത്രി അറിയിച്ചു.

ഭിന്നശേഷിക്കാർക്കായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.ശുഭയാത്ര, ശ്രവൺ, കാഴ്ച, ഹസ്തദാനം തുടങ്ങിയ പദ്ധതികളിലൾപ്പെടുത്തി ഭിന്നശേഷി ഗുണഭോക്താക്കൾക്ക് വിവിധ സഹായ ഉപകരണങ്ങളും ആനുകൂല്യങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. പി. എം.ജിയിലെ കേരള സംസ്ഥാന സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ഹാളിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ അധ്യക്ഷനായിരുന്നു.

# റേഷൻ കാർഡ് ഇ കെവൈസി മസ്റ്ററിംഗ്

**കൊച്ചി:** ജില്ലയിലെ മഞ്ഞ/ പിങ്ക് കാർഡിലെ മുഴുവൻ അംഗങ്ങളുടെയും ഇകെവൈസി മസ്റ്ററിംഗ് ആരംഭിച്ചു. സെപ്റ്റംബർ 30 വരെ ക്യാമ്പുകൾ ഉണ്ടാകും. മഞ്ഞ/ പിങ്ക് കാർഡിൽ ഉൾപ്പെടുന്ന എല്ലാ അംഗങ്ങളും റേഷൻ കടകളിലെത്തി മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണ്. മസ്റ്ററിംഗിന്റെ ആവശ്യത്തിലേയ്ക്കായി റേഷൻ കാർഡ് നമ്പറും ആധാർകാർഡും കയ്യിൽ കരുതേണ്ടതാണ്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇപോസ് മുഖാന്തരം ഇകെവൈസി അപ്ഡേഷൻ ചെയ്തവർ റേഷൻ കടകളിൽ പോയി വീണ്ടും ഇകെവൈസി മസ്റ്ററിംഗ് ചെയ്യേണ്ടതില്ല. https://epos.kerala.gov.in/SRCTransInt.jsp എന്ന ലിങ്ക് ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ഇകെവൈസി സ്റ്റാറ്റസ് പരിശോധിക്കാം. കിടപ്പു രോഗികൾക്ക് സെപ്റ്റംബർ 30 തിയതിക്ക് ശേഷം പ്രത്യേകമായി മസ്റ്ററിംഗ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റേഷൻ കാർഡിൽ പ്രിന്റ് ചെയ്തിട്ടുള്ള താലൂക്ക് സപ്ലൈ ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## റേഷൻ കാർഡ് മസ്റ്ററിങ് ക്യാമ്പ്

**കൊച്ചി:** എഎവൈ/പിഎച്ച്എച്ച് റേഷൻ കാർഡ് അംഗങ്ങളുടെ ഇകെവൈസി (ലഗഥഇ ) മസ്റ്ററിങ് ക്യാമ്പ് എറണാകുളം സിറ്റി റേഷനിംഗ് ആഫീസിനു കീഴിൽ വെണ്ണല, തമ്മനം, ചളിക്കവട്ടം, ചക്കരപ്പറമ്പ് ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 96, 100, 138, 99, 106, 119, 117 റേഷൻ ഡിപ്പോകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഎവൈ/പിഎച്ച്എച്ച് റേഷൻ കാർഡ് അംഗങ്ങൾക്കായി മസ്റ്ററിങ് ക്യാമ്പ് തമ്മനം പുതിയറോഡ് ജംഗ്ഷനിലുള്ള എംപിഎം. ഓഡിറ്റോറിയത്തിൽ ഇന്ന് (സെപ്തംബർ 26) രാവിലെ എട്ടു മുതൽ വൈകിട്ട് അഞ്ച് വരെ നടത്തുന്നു. എഎവൈ/പിഎച്ച്എച്ച് കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അംഗങ്ങളും തങ്ങളുടെ റേഷൻ കാർഡും ആധാർ കാർഡുമായി ക്യാമ്പിൽ എത്തി സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് സിറ്റി റേഷനിംഗ് ഓഫീസർ അറിയിച്ചു.

# ഇഎസ്ഐപിഎഫ് സംയുക്ത അദാലത്ത് 27ന്

**കൊച്ചി:** എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷനും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനും സംയുക്തമായി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും പെൻഷൻകാർക്കും വേണ്ടി നടത്തുന്ന പരാതി പരിഹാര ബോധവത്കരണ പരിപാടി സെപ്തംബർ 27 ന് വൈറ്റില ഈസ്റ്റ് പൊന്നുരുന്നി റോഡിലുള്ള ഇഎസ്ഐസി ബ്രഞ്ച് ഓഫീസിൽ നടക്കും. പരിപാടിയുടെ രജിസ്ട്രേഷൻ രാവിലെ 9.15 ന് ആരംഭിക്കും. പിഎഫ്/ഇ എസ് ഐ സംബന്ധിച്ച പരാതികൾ/നിർദ്ദേശങ്ങൾ പ്രോഗ്രാമിൽ സമർപ്പിക്കാം.

## ഭൂവുടമകൾക്ക് ഡിജിറ്റൽ സർവെ റെക്കോർഡുകൾ പരിശോധിക്കാം

**കൊച്ചി:** എറണാകുളം ജില്ലയിൽ ഡിജിറ്റൽ സർവെയ്ക്കായി ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിരുന്ന കണയന്നൂർ, തിരുവാങ്കുളം വില്ലേജുകളുടെ ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടുള്ളതും, സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് എഎൽസി ജോലികളും പൂർത്തീകരിച്ച് സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റവന്യു ഭരണത്തിന് കൈമാറുന്ന അവസാന ഘട്ടത്തിലാണ്. ഈ വില്ലേജുകളിലെ ഭൂവുടമകൾക്ക് ഇനിയും വസ്തു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഡിജിറ്റൽ സർവെ റെക്കോർഡുകൾ പരിശോധനയ്ക്കായി അതത് വില്ലേജ് ഓഫീസുകളിൽ, എറണാകുളം ജില്ലയിലെ സർവെ വിഭാഗം സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബർ മൂന്നു വരെ പൊതുജനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## ഇടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്കിന് കിഴിൽ വരുന്ന കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ എംജിഎ9ആർഇജിഎസ് പദ്ധതിയിൽ 202425 സാമ്പത്തിക വർഷത്തെ മെറ്റിരിയൽ പ്രവൃത്തികൾ ചെയുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള കരിമ്പട്ടികയിൽ ഉൾപ്പെടാത്ത അംഗികൃത വിതരണക്കാരിൽ നിന്നും ഇടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും, www.lsg.kerala.gov.in വെബ് സൈറ്റിൽ അറിയാം. (ഫോൺ:0485 2822544). ടെൻഡർ സർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ എട്ട് വൈകിട്ട് മൂന്നു വരെ.

# തായ്‌വാനിൽ നടക്കുന്ന ഏഷ്യാ കപ്പ് സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ മനീഷ ജോസഫ് ഇടം നേടി

**പാലാ:** തായ്‌വാന്റെ തലസ്ഥാനമായ തായ്പേയിൽ ഒക്ടോബർ 15 മുതൽ നടക്കുന്ന നാലാമത് ഏഷ്യാ കപ്പ് സോഫ്റ്റ്ബോൾ ഏഷ്യൻ യൂണിവേഴ്സിറ്റി വനിതാ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന സോഫ്റ്റ് ബോൾ ടീമിൽ പാലാ അമ്പാറ സ്വദേശിനി ഇടം പിടിച്ചു. അമ്പാറ കറുകപ്പള്ളിൽ കെ വി ജോസുകുട്ടിയുടെ മകൾ മനീഷ ജോസഫാണ് ദേശീയ ടീമിൽ ഇടം നേടിയത്. കേരളത്തിൽ നിന്നും അലീന ജോബി(എറണാകുളം), നന്ദ എസ് പ്രവീൺ (തിരുവനന്തപുരം) എന്നിവരും ദേശീയ ടീമിൽ ഇടം നേടിയിട്ടുണ്ട്.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളജിന്റെ പോസ്റ്റ്ഗ്രാജുവേറ്റ് വിദ്യാർത്ഥിനിയാണ് മനീഷ ജോസഫ്. പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് സോഫ്റ്റ് ബോളിലേയ്ക്ക് തിരിഞ്ഞതെന്ന് മനീഷ പറഞ്ഞു.

തുടർന്നു ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലും ചങ്ങനാശ്ശേരി അസംപ്ഷൻ കോളജിലുമായി 6 വർഷത്തോളമായി സോഫ്റ്റ് ബോളിൽ പരിശീലനം നടത്തി വരുന്നു. കോച്ച് ടെന്നി



അലീന ജോബി, മനീഷ ജോസഫ്, നന്ദ എസ് പ്രവീൺ

സൺ പി ജോസിന്റെ കീഴിലാണ് പരിശീലനം. എം ജി യൂണിവേഴ്സിറ്റി ടീമിന്റെ ഭാഗമായി ഓൾ ഇന്ത്യാ മത്സരത്തിൽ മനീഷ പങ്കെടുത്തിരുന്നു. ഇപ്പോൾ ഓപ്പൺ സെലക്ഷനിലൂടെയാണ് ദേശീയ ടീമിൽ എത്തിയത്.

മനീഷയുടെ പിതാവ് ജോസുകുട്ടി ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിലെ ഹോസ്റ്റൽ വാർഡനാണ്. മാതാവ് ഷൈനി ജോസ് മാലിദ്വീപിൽ സ്കൂൾ അധ്യാപികയായി സേവനമനുഷ്ഠിക്കുന്നു. സഹോദരൻ ജസ്റ്റിൻ (യു കെ ), സഹോദരി ഷീബ (ജർമ്മനി) എന്നിവർ വിദ്യാർത്ഥികളാണ്.



# ഡോ. ആനന്ദ് ജേക്കബ് വർഗീസിന് ലണ്ടനിലെ വേൾഡ് മലയാളി കൗൺസിലിന്റെ എക്സലൻസ് ഇൻ എഡ്യൂക്കേഷൻ അവാർഡ്

**ചെന്നൈ :** വിദ്യാഭ്യാസ രംഗത്തെ ഗ്ലോബൽ ലീഡറായ ഹിന്ദുസ്ഥാൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് (എച്ച്ജിഐ) ചെയർമാൻ ഡോ.ആനന്ദ് ജേക്കബ് വർഗീസിന് ലണ്ടനിലെ വേൾഡ് മലയാളി കൗൺസിലിന്റെ എക്സലൻസ് ഇൻ എജ്യുക്കേഷൻ അവാർഡ്. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾ, നേതൃത്വം, നവീകരണം, അർപ്പണബോധം എന്നിവക്കുള്ള അംഗീകാരവും ആദരവുമാണ് വേൾഡ് മലയാളി കൗൺസിൽ ഏർപ്പെടുത്തിയ ഈ അംഗീകാരം.

ഡോ. ആനന്ദ് വർഗീസിനെ മുൻ എംപിയും യുകെയിലെ ക്രോയ്ഡണിലെ മുൻ മേയറുമായ സ്റ്റുവർട്ട് കോളിൻസ്, കേരള കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ കെ.സുധാകരന്റെ സാന്നിധ്യത്തിലാണ് ആദരിച്ചത്. ലോകമെമ്പാടുമുള്ള മലയാളികൾക്കിടയിൽ ഐക്യവും സൗഹൃദവും സാംസ്കാരിക വിനിമയവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന ഒരു ആഗോള സംഘടനയാണ് വേൾഡ് മലയാളി കൗൺസിൽ.

ഡോ. കെ.സി.ജി വർഗീസ് 1966 ൽ സ്ഥാപിച്ച എച്ച്ജിഐ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിൽ സമ്പന്നമായ ചരിത്രം അവകാശപ്പെടുന്ന സ്ഥാപനമാണ്. ഈ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഡോ. ആനന്ദ് വർഗീസ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുന്നോട്ട് പോകുന്ന സ്ഥാപനം NAAC A+, IET, NBA, AICTE എന്നിവയുൾപ്പെടെ നിരവധി അവാർഡുകളും അക്രെഡിറ്റേഷനുകളും മികച്ച റാങ്കിംഗുകളും നേടിയിട്ടുണ്ട്, കൂടാതെ എഞ്ചിനീയറിംഗ്, ഏവിയേഷൻ, മാനേജ്മെന്റ്, നിയമം, ഹെൽത്ത് സയൻസസ്, ലിബറൽ ആർട്സ്, കേംബ്രിഡ്ജ് വിദ്യാഭ്യാസം, ഓൺലൈൻ പഠനം എന്നിങ്ങനെ വൈവിധ്യമാർന്ന പ്രോഗ്രാമുകളിലേക്ക് എച്ച്ജിഐ മേഖകകൾ വിപുലീകരിച്ചു.

# ബ്രൂസല്ലോസിസ് രോഗ നിയന്ത്രണം പ്രതിരോധ കുത്തിവെപ്പ് തുടങ്ങി

**ബത്തേരി:**വയനാട് ജില്ലയിലെ പശുക്കുട്ടികൾക്കും, എരുമക്കുട്ടികൾക്കുമുള്ള ബ്രൂസല്ലോസിസ് പ്രതിരോധ കുത്തിവെപ്പ് തുടങ്ങി. നാലുമുതൽ എട്ടുമാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്കും, എരുമക്കുട്ടികൾക്കുമാണ് ബ്രൂസല്ലോസിസ് പ്രതിരോധകുത്തിവെപ്പെടുക്കേണ്ടത്. സെപ്തംബർ 28 വരെയാണ് സംസ്ഥാനത്തുടനീളം പ്രതിരോധ കുത്തിവെപ്പ് നടത്തുന്നത്. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലെയും പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കും. കാലിത്തീറ്റ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ കന്നുകുട്ടികൾക്കും കുത്തിവെപ്പ് നിർബന്ധമായും നൽകേണ്ടതാണ്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരാൻ സാധ്യതയുള്ള ജന്തുജന്യരോഗം ആയതിനാൽ ജില്ലയിലെ മുഴുവൻ ക്ഷീര കർഷകരും പശുക്കുട്ടികളെയും എരുമക്കുട്ടികളെയും കുത്തിവെപ്പിന് വിധേയമാക്കണമെന്ന് ജില്ലാ കോ ഓർഡിനേറ്റർ അറിയിച്ചു. നീർവാരം ക്രിസ്റ്റൽ ഡയറി ഫാമിൽപനമരം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ഷീമാ മാനുവൽ ജില്ലാ തല ഉദ്ഘാടനം നിർവ്വഹിച്ചു. പനമരം ഗ്രാമപഞ്ചായത്തംഗം വാസു അമ്മാനിയുടെ അദ്ധ്യക്ഷത വഹിച്ചു. ചീഫ് വെറ്ററിനറി ഓഫീസറും ജന്തുരോഗ നിയന്ത്രണ പദ്ധതി ജില്ലാ കോ ഓർഡിനേറ്ററുമായ ഡോ. രമാദേവി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ എപ്പിഡമിയോളജിസ്റ്റ് ഡോ നീതു ദിവാകർ പ്രതിരോധ കുത്തിവയ്പിന്റെ പ്രാധാന്യം വിശദീകരിച്ചു.

# കെൽട്രോൺ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ പൊതു മേഖലാ സ്ഥാപനമായ കെൽട്രോൺ, അഡ്വാൻസ്ഡ് ജേണലിസത്തിൽ ബിരുദാനന്തര ഡിപ്ലോമയുടെ 2024 ലെ പുതിയ ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ ഏഴു വരെ അപേക്ഷിക്കാം. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ കെൽട്രോൺ സെന്ററുകളിലാണ് ബാച്ചുകൾ ആരംഭിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. പ്രിന്റ് മീഡിയ, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം , വാർത്താ അവതരണം, ആങ്കറിങ്, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. ഇന്റേൺഷിപ്പ്, മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. വിദ്യാഭ്യാസ രേഖകൾ സഹിതം എത്തുക. വിശദ വിവരങ്ങൾക്ക് ഫോൺ: 954495 8182. കോഴിക്കോട് വിലാസം: കെൽട്രോൺ നോളേജ് സെന്റ്റർ, മൂന്നാം നില , അംബേദ്ക്കർ ബിൽഡിങ്ങ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട്. 673 002. തിരുവനന്തപുരം വിലാസം: കെൽട്രോൺ നോളേജ്സെന്റ്റർ, രണ്ടാം നില,, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

# പ്രോജക്ട് അസിസ്റ്റന്റ് കരാർ നിയമനം

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ജിയോ ടാഗിങ്ങ് നടത്തുന്നതിനും, ഈ ഗ്രാം സ്വരാജ് വെബ്സൈറ്റിൽ ബില്ലുകൾ തയ്യാറാക്കുക. പദ്ധതികൾ ഡാറ്റാ എൻട്രി ചെയ്യുക. ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗവുമായി ബദ്ധപ്പെട്ട് മറ്റു ജോലികളിൽ സഹായിക്കുക എന്നിവക്കായി പ്രോജക്ട് അസ്സിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും https://tender.lsgkerala.gov.in/ വെബ് സൈറ്റിലും അറിയാം. (ഫോൺ: 0484 2677142) അപേക്ഷ സർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 10 ന് വൈകിട്ട് അഞ്ചു വരെ.

# ഗവ.ഐടിഐ യിൽ ജോലി ഒഴിവ്

**കൊച്ചി:** കളമശ്ശരി ഗവ.ഐടിഐ യിൽ ഇനി ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്റ്ററുടെ (ഗസ്റ്റ് ഇൻസ്ട്രക്റ്റർ) ഒഴിവുണ്ട്. മണിക്കൂറിന് 240 രൂപ നിരക്കിൽ പ്രതിമാസം 24000 രൂപ ലഭിക്കുന്നം. താത്പര്യമുള്ള ഉദ്യോഗാർഥികൾ സെപ്തംബർ 28 ന് രാവിലെ 11 ന് അസൽ രേഖകൾ സഹിതം കളമശേരി ഐടിഐയിൽ ഹാജരാകണം.

ഇലക്ട്രോ പ്ലേറ്റർ ഒരു ഒഴിവ് ഓപ്പൺ കാറ്റഗറി യോഗ്യത അംഗീകൃത കെമിക്കൽ എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ കെമിക്കൽ എൻജിനീയറിങ്ങിൽ അംഗീകൃത മൂന്ന് വർഷ ഡിപ്ളോമയും രണ്ട് വർഷത്തെപ്രവൃത്തി പരിചയവും അല്ലെങ്കിൽ ഇലക്ട്രോ പ്ലേറ്റർ ട്രേഡിൽ എൻ.ടി.സി/ എൻ എ സി യും, മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും. പ്ലാസ്റ്റിക് പ്രോസസിംഗ് ഓപ്പറേറ്റർ ഒരു ഒഴിവ്. യോഗ്യത പ്ലാസ്റ്റിക് പ്രോസസിംഗ് ടെക്നോളജിയിൽ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രിയും. ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ പ്ലാസ്റ്റിക് ടെക്നോളജിയിൽ മൂന്ന് വർഷ അംഗീകൃത ഡിപ്ലോമയും, രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ പ്ലാസ്റ്റിക് പ്രോസസിംഗ് ഓപ്പറേറ്റർ ട്രേഡിൽ എൻ.ടി.സി/ എൻ. എ. സി യും, മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും. പെയിന്റർ ജനറൽ ഒരു ഒഴിവ് എഐസിടിഇ/യുജിസി അംഗീകൃത എഞ്ചിനീയറിംഗ് കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്ന് പെയിന്റ് ടെക്നോളജിയിൽ ബി.വോക്/ഡിഗ്രി/ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്, ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം അല്ലെങ്കിൽ എഐസിടിഇ അംഗീകൃത സാങ്കേതിക വിദ്യാഭ്യാസ ബോർഡിൽ നിന്ന് മൂന്ന് വർഷത്തെ പെയിന്റിംഗ്/പെയിന്റിംഗിൽ ഡിപ്ലോമ അല്ലെങ്കിൽ പ്രസക്തമായ അഡ്വാൻസ് ഡിപ്ലോമ. (വൊക്കേഷണൽ) ഡിജിടി യിൽ ബന്ധപ്പെട്ട മേഖലയിൽ രണ്ട് വർഷത്തെ പരിചയം അല്ലെങ്കിൽ എ9ടിസി/എ9എസി പെയിന്റർ ജനറലിന്റെ ട്രേഡിൽ പാസായി, ബന്ധപ്പെട്ട മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം.

# കെട്രോണിൽ അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴ യിലുള്ള നോളഡ്ജ് സെന്ററിൽ, പി.എസ്.സി നിയമനങ്ങൾക്കു യോഗ്യമായ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, വേഡ് പ്രോസസിങ് ആൻഡ് ഡേറ്റ എൻട്രി, ഓഫീസ് ഓട്ടോമേഷൻ, കോഴ്സുകളിലേക്കും, ഒട്ടനവധി തൊഴിൽ സാധ്യതകളുള്ള കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനെൻസ് കോഴ്സുകളിലേക്കുമുള്ള അഡ്മിഷൻ തുടരുന്നു. വിശദവിവരങ്ങൾക്ക് : 04862228281, 7909228182 ഫോൺ നമ്പറുകളിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ മാതാ ഷോപ്പിങ് ആർക്കേഡിന് എതിർവശം, പാലാ റോഡ്, തൊടുപുഴ എന്ന വിലാസത്തിലോ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെ എം എ ഡിജിറ്റൽ സമ്മിറ്റ് ഇന്ന്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ഡിജിറ്റൽ സമ്മിറ്റ് ഇന്ന് രാവിലെ 9.30 മുതൽ കാക്കനാട് സീപോർട്ട് എയർപോർട്ട് റോഡിലെ ചിറ്റിലപ്പള്ളി സ്‌ക്വയറിൽ നടക്കും. എ ഐ എക്സപാന്റിംഗ് ബൗണ്ടറീസ്, അൺലീഷിംഗ് ന്യൂ ഓപർച്യൂനിറ്റീസ് എന്ന വിഷയത്തിൽ നടക്കുന്ന ഡിജിറ്റൽ സമ്മിറ്റ് ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. ഇൻഫോപാർക്ക് സി ഇ ഒ സുശാന്ത് കുറുന്തിൽ, രാജഗിരി ഹോസ്പിറ്റൽ ന്യൂറോളജി വിഭാഗം തലവനും സീനിയർ കൺസൾട്ടന്റുമായ ഡോ. ജിജി കുരുട്ടുകുളം, മൈക്രോസോഫ്റ്റ് സ്ട്രാറ്റജിക് എൻഗേജ്മെന്റ്സ് ഫിനാൻഷ്യൽ സർവസസ് ഡയറക്ടർ ആനന്ദ് കാളിഡോസ്, ക്രയോൺ ഡാറ്റ ആന്റ് എ ഐ ചാംപ്യൻ സന്ദീപ് ഹിജാം, ജുക്ഷിയോ പ്രൊഡക്ട് മാനേജർ വരുൺ പർവതനേനി, ഫെഡറൽ ബാങ്ക് സി ഐ ഒ ജോൺസൺ കെ ജോസ്, സൗത്ത് ഇന്ത്യൻ ബാങ്ക് സി ഐ ഒ സോണി എ, മുത്തൂറ്റ് ഫിൻകോർപ് ഹെഡ് ഓഫ് ടെക്നോളജി മുരളീധർ നായക്, കെ പി എം ജി ലീഡ് എഫ് എസ് ടെക്നോളജി ആന്റ് ഒ എം പി കൊച്ചി വിഷ്ണു പിള്ള എന്നിവർ സമ്മിറ്റിൽ പങ്കെടുക്കുമെന്നു ചെയർമാൻ എ ബാലകൃഷ്ണൻ അറിയിച്ചു.

# മിന്ത്രയുടെ ബിഗ് ഫാഷൻ ഫെസ്റ്റിവൽ ഇന്ന് ആരംഭിക്കും

**കൊച്ചി:** മിന്ത്ര ബിഗ് ഫാഷൻ ഫെസ്റ്റിവലിന്റെ തീയതികൾ പ്രഖ്യാപിച്ചു. 2024 സെപ്റ്റംബർ 26 ന് ആരംഭിക്കുന്ന പുതിയ എഡിഷന്റെ ടൈറ്റിൽ സ്പോൺസർ ബോട്ട് ആണ്. ഫെസ്റ്റിവലിൽ ഏകദേശം 3.4 ദശലക്ഷം സ്റ്റൈലുകൾ അവതരിപ്പിക്കും. മുൻ പതിപ്പിനേക്കാൾ 47% വർദ്ധന. ഇവന്റിൽ ആഭ്യന്തര, അന്താരാഷ്ട്ര, തദ്ദേശീയ വിഭാഗങ്ങളിലായി 9700 ലധികം പ്രമുഖ ബ്രാൻഡുകളുടെ പങ്കാളിത്തം ഉണ്ടായിരിക്കും. വിവിധ വിഭാഗങ്ങളിലായി ഉൽപ്പന്നങ്ങളുടെ ഒരു നീണ്ട നിര ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാം. മിന്ത്രയുടെ ലോയൽറ്റി പ്രോഗ്രാം അംഗങ്ങളായ മിന്ത്ര ഇൻസൈഡേഴ്‌സിന് 24 മണിക്കൂർ മുമ്പ്, അതായത് സെപ്റ്റംബർ 25 ന് ബിഗ് ഫാഷൻ ഫെസ്റ്റിവലിലേക്ക് ഏർലി ആക്സസ് ലഭിക്കും.

# 24സെവൻ പെർഫ്യൂം നിര വിപണിയിലെത്തിച്ച് ടൈറ്റൻ സ്കിൻ

**കൊച്ചി:** ടൈറ്റന്റെ പെർഫ്യൂം ബ്രാൻഡായ സ്കിൻ പുതിയ സുഗന്ധലേപന ശ്രേണിയായ സ്കിൻ 24സെവൻ വിപണിയിലവതരിപ്പിച്ചു. പ്രീമിയം സുഗന്ധദ്രവ്യങ്ങളുടെ വർധിച്ചുവരുന്ന ആവശ്യകതയും താങ്ങാനാവുന്ന വിലയിൽ അവ ലഭ്യമാക്കുക എന്ന ലക്ഷ്യവും മുന്നിൽ കണ്ടാണ് സ്കിൻ 24സെവൻ വിപണിയിലെത്തിക്കുന്നതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ്, ഫ്രാഗ്രൻസ് ആൻഡ് ആക്സസറീസ് ഡിവിഷൻ സിഇഒ മനീഷ് ഗുപ്ത പറഞ്ഞു.വൈവിധ്യമാർന്ന അനുഭവങ്ങൾ ലഭ്യമാക്കുന്ന സുഗന്ധ ലേപനങ്ങളാണ് 24സെവൻ ശേഖരത്തിലുള്ളത്. 1745 രൂപ മുതലാണ് സ്കിൻ 24സെവൻറെ വില. എല്ലാ മൾട്ടി ബ്രാൻഡ് സ്റ്റോറുകളിലും സെശി. ശി ലും പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും പുതിയ പെർഫ്യൂം ശേഖരം ലഭ്യമാണ്.ഇന്ത്യയിലെ പെർഫ്യൂം, ഡിയോഡറൻറ് വിപണിയുടെ മൂല്യം ഏകദേശം 10,000 കോടി രൂപയാണ്. അതിൽ പെർഫ്യൂമുകളുടെ മൂല്യം 4500 കോടി രൂപയും ഡിയോഡറൻറുകളുടേത് 5500 കോടി രൂപയുമാണ്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 1213 ശതമാനം വളർച്ചയും ഈ മേഖല പ്രതീക്ഷിക്കുന്നുണ്ട്.




# ബജാജ് ഫിൻസെർവ് ദുരിതാശ്വാസ നിധിയിലേക്ക് രണ്ട് കോടി രൂപ സംഭാവന നൽകി

**കോഴിക്കോട്:** ബജാജ് ഫിൻസെർവ് ലിമിറ്റഡ് വയനാട് ഉരുൾപൊട്ടൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രണ്ടു കോടി രൂപ സംസ്ഥാന സർക്കാരിന് സംഭാവന നൽകി. സംഭാവന കേരള സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിലേക്ക് ഓൺലൈനായി നൽകിയതിന് ശേഷം ബജാജ് ഫിൻസെർവ് ചീഫ് ഇക്കണോമിസ്റ്റും കോർപ്പറേറ്റ് അഫയേഴ്സ് പ്രസിഡന്റുമായ ഡോ. എൻ ശ്രീനിവാസ റാവു ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ്, ലീഗൽ ആൻഡ് കംപ്ലയൻസ് സീനിയർ പ്രസിഡന്റ് അനിൽ പിഎം എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു. ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസും ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസും വയനാട്ടിലെ ദുരിതബാധിതരായ ഉപഭോക്താക്കൾ സമർപ്പിച്ച എല്ലാ ക്ലെയിമുകളുടെയും പ്രോസസ്സിംഗ് വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു.



# നെക്സോൺ ഐസിഎൻജി, നെക്സോൺ ഇവിയുമായി ടാറ്റ മോട്ടോർസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കാർ, എസ്‌യുവി നിർമാതാക്കളായ ടാറ്റ മോട്ടോർസ് നെക്സോൺ ഐസിഎൻജി, 45സണവ ബാറ്ററി പാക്കോടുകൂടി നെക്സോൺ ഇവി ശ്രേണികൾ, ഫ്ളാഗ്ഷിപ്പ് റെഡ് ഹോട്ട് ഡാർക് എഡിഷൻ എന്നിവയുടെ ലോഞ്ച് പ്രഖ്യാപിച്ചു. ഇതോടെ, പെട്രോൾ, ഡീസൽ, സിഎൻജി, ഇലക്ട്രിക് എന്നിങ്ങനെ 4 വ്യത്യസ്ത പവർട്രെയിൻസിൽ ലഭ്യമാകുന്ന രാജ്യത്തെ ആദ്യ വാഹനമായി ടാറ്റ നെക്സോൺ. നെക്സോൺ ഐസിഎൻജിയിലൂടെ ഇന്ത്യയിലെ ആദ്യ ടർബോചാർജ്ഡ് സിഎൻജി പവർട്രെയിനാണ് വിപണിയിലെത്തിയിരിക്കുന്നത്.

1.2 ലി. ടർബോ ചാർജ്ഡ് എഞ്ചിൻ കരുത്ത് പകരുന്ന നെക്സോൺ ഐസിഎൻജി 100പിഎസ് പവറും, 170എൻഎം ടോർക്കും വാഗ്ദാനം ചെയ്യുന്നു. ടാറ്റ മോട്ടോർസിന്റെ തനത് നൂതന ടിന് സിലിണ്ടർ ടെക്നോളജിയിലൂടെ 321 ലിറ്ററിന്റെ ബൂട്ട് സ്പെയിസും നെക്സോൺ സിഎൻജി ഉറപ്പുനൽകുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു.പനോരമിക് സൺറൂഫ്, ലതറെറ്റ വെന്റിലേറ്റഡ് സീറ്റുകൾ, 10.25 ഇഞ്ച് ഫുള്ളി ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്ററോടുകൂടിയുള്ള ഹാർമന്റെ 10.25 ഇഞ്ച് ഇൻഫോടെയ്മെന്റ് സ്ക്രീൻ എന്നിങ്ങനെ പ്രീമിയം ഫീച്ചറുകളും നെക്സോൺ ഐസിഎൻജിയിലുണ്ട്. ഇവ ഇന്ത്യൻ വിപണിയിലെ ഏറ്റവും ലക്ഷ്വൂറിയസ് ആയ സിഎൻജി എസ്‌യുവിയാക്കി നെക്സോൺ ഐസിഎൻജിയെ മാറ്റുന്നു. സിഎൻജി മോഡിൽ ഡയറക്ട് സ്റ്റാർട്ടും, പെട്രോൾ, സിഎൻജി എന്നിവകളിലേക്കുള്ള ഓട്ടോമാറ്റിക് സ്വിച്ചിംഗിനായി സിംഗിൾ ഇസിയുവും സജ്ജമാക്കിയിരിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.45സണവ ബാറ്ററി പാക്കുമായാണ് നെക്സോൺ ഇവി എത്തുന്നത്. ഇത് 1.2സി റേറ്റിംഗിൽ ഫാസ്റ്റർ ചാർജിംഗ് സ്പീഡും, 489കിമി റേഞ്ചും (അർബൻ + എക്സ്ട്രാ അർബൻ), 350 370 കിമീ ടാറ്റ ഇവിയുടെ സി75 റിയൽ വേൾഡ് റേഞ്ചും നൽകുന്നു. നെക്സോൺ ഇവി റെഡ് ഹോട്ട് ഡാർക് എഡിഷൻ റെഡ് തീമിംഡ് ഇൻസേർട്ടുകളിലൂടെ വാഹനത്തിന്റെ ഇന്റീരിയറിലും എക്സ്റ്റീയറിലും പ്രീമിയം ലുക്ക് നൽകുന്നു. ആർക്കേഡ് ഇവി, സ്മാർട് വെൽകം & ഗുഡ്ബൈ സ്വീക്വൻസ്, ഫ്രണ്ട് എൽഇഡി ഡിആർഎലിലെ ചാർജിംഗ് ഇൻഡിക്കേറ്റർ, വെഹിക്കിൾ ടു വെഹിക്കിൾ, വെഹിക്കിൾ ടും ലോഡ് ടെക്നോളജി, ഫിജിറ്റൽ കൺട്രോൾ പാനൽ തുടങ്ങിയ ഫീച്ചറുകൾ റെഡ് ഡാർക് എഡിഷനിലും ഉണ്ടായിരിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# കെഫോൺ മാതൃക; പഠിക്കാൻ സിക്കിം സംഘം എത്തി

**തിരുവനന്തപുരം:** കെഫോൺ മാതൃക പഠിക്കാൻ തമിഴ്നാടിനും തെലങ്കാനയ്ക്കും ശേഷം സിക്കിമും. കേരളത്തിന്റെ സ്വന്തം ബ്രോഡ്ബാൻഡ് കണക്ഷനായ കെഫോണിന്റെ പ്രവർത്തന മാതൃകയെപ്പറ്റിയും വരുമാന രീതിയെപ്പറ്റിയും പഠനം നടത്താനാണ് സിക്കിം ഐ.ടി സെക്രട്ടറി ടെൻസിങ്ങ് ടി. കലോൺന്റെ നേതൃത്വത്തിൽ സിക്കിം സംഘം എത്തിയത്. സിക്കിം ഐ.ടി അഡീഷണൽ ഡയറക്ടർമാരായ എസ്.ടി വാങ്ദി, പ്രേം വിജയ് ബസ്നെത്, ഐ.ടി ഡെപ്യൂട്ടി ഡയറക്ടർ പ്രേം അഷിശ് പ്രധാൻ, കൺസൾട്ടന്റ് കർമ ലെൻദുപ് ഭുടിയ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

കഴിഞ്ഞ ദിവസം കൊച്ചിയിലെത്തിയ സംഘം കെഫോൺ നെറ്റ് വർക്ക് ഓപ്പറേറ്റിങ്ങ് സെന്റർ (നോക്ക്) സന്ദർശിച്ചു. തിരുവനന്തപുരത്തെ കെഫോൺ ആസ്ഥാനത്ത് എത്തിയ സംഘം കെഫോൺ ടീമിൽ നിന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ എം.ഡിയുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ്, രാജ കിഷോർ (സി.ടി.ഒ കെഫോൺ), രശ്മി കുറുപ്പ്, ലേഖ പി (ഡി.ജി.എം കെഫോൺ), സാം എസ് എന്നിവരുമായി സംവദിച്ചു. സിക്കിമിൽ കെഫോൺ മാതൃകയിൽ ഇന്റർനെറ്റ് കണക്ഷൻ നെറ്റ് വർക്ക് ലാഭകരമായി നടപ്പാക്കാൻ ആവശ്യമായ കാര്യങ്ങൾ സംഘം ചോദിച്ചറിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഭാരത് നെറ്റ് പ്രൊജക്ടിന്റെ റിവ്യൂവിൽ മനസിലാക്കിയതിനെത്തുടർന്നാണ് കേരളാ മോഡൽ പഠിച്ച് സിക്കിമിൽ ഇതേ മാതൃകയിൽ പ്രൊജക്ട് നടപ്പാക്കാൻ വേണ്ടി കേരള സന്ദർശനത്തിന് എത്തിയിരിക്കുന്നതെന്ന് സംഘം അറിയിച്ചു. ശേഷം പോയിന്റ് ഓഫ് പ്രസൻസ് (പോപ്പ്) കേന്ദ്രങ്ങളും കെഫോൺ കണക്ഷൻ നൽകിയ സർക്കാർ സ്ഥാപനങ്ങളും ബി.പി.എൽ കണക്ഷൻ നൽകിയ വീടുകളും സംഘം സന്ദർശിച്ചു.



# ശ്രദ്ധനേടി കുസാറ്റ് മറൈൻ എക്സ്പോ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ ബയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 'സമുദ്ര മലിനീകരണപരിസ്ഥിതി വിഷശാസ്ത്രം' എന്ന ദേശീയ സമ്മേളനത്തിൻറെ ഭാഗമായി കുസാറ്റ് സെമിനാർ കോംപ്ലെക്സിൽ മറൈൻ എക്സ്പോ സംഘടിപ്പിച്ചു.പ്രത്യേകമായി സജ്ജീകരിച്ച സ്റ്റാളുകളിൽ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ പങ്കാളികളായിയാണ് സമുദ്രശാസ്ത്ര പ്രദർശനം നടത്തുന്നത്. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി നേവൽ ഫിസിക്കൽ&ഓഷ്യനോഗ്രഫിക്ക് ലബോറട്ടറി, സെൻറട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്ക്നോളജി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ&എൻജിനീയറിംഗ് ട്രെയ്നിംഗ്, എ.എൻ.ബി സെൻസേർസ്, ജെലിക്സർ,അനലിറ്റിക്ജീന തുടങ്ങിയ സ്ഥാപനങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങളും സാങ്കേതിക പുരോഗതികളും ഉത്പന്നങ്ങളും എക്സ്പോയിൽ പ്രദർശിപ്പിക്കുന്നു.

# ഹോസ്പിറ്റൽ ഹെൽത്ത് കെയർ എക്സ്പോ നാളെ ആരംഭിക്കും

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ മെഡിക്കൽ സാങ്കേതിക വിദ്യ. സംരംഭക എക്സിബിഷൻ 'ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ 2024' ന് കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നാളെ തുടക്കമാകും.അതിനൂതന മെഡിക്കൽ ഉപകരണങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യ എന്നിവയിലൂടെ സംസ്ഥാനത്തെ ആശുപത്രികളേയും, ആരോഗ്യ രംഗത്തേയും പരിഷ്കരിക്കാൻ ലക്ഷ്യമ ഷ്യമിടുന്ന മേള സെപ്റ്റംബർ 29 വരെയാണ് നടക്കുന്നത്.ആഗോള തലത്തിൽ ആരോഗ്യ സംരക്ഷണ കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുവാനുള്ള ചർച്ചകൾക്ക് എക്സ്പോ വേദിയൊരുക്കും നൂതന ആരോഗ്യ സേവനങ്ങളും, ഗുണനിലവാരവും, ചെലവ് കുറഞ്ഞ ചികിത്സകളും വഴി എങ്ങനെ ലോക ശ്രദ്ധ നേടാൻ കഴിയുമെന്ന് കാണിക്കുന്ന എക്സിബിറ്റർമാരാണ് മേളയെ അത്യാകർഷകമാക്കുന്നതെന്ന് ഹോസ്പെക്സിന്റെ സ്ഥാപകനും ഡയറക്ടറുമായ ഡോ. അരുൺ കൃഷ്ണ പറഞ്ഞു.ബംഗ്ലാദേശ്, ഒമാൻ, ടാൻസാനിയ, എത്യോപ്യ, ഉസ്ബെക്കിസ്ഥാൻ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന എക്സ്പോയിലെ അന്താരാഷ്ട്ര പങ്കാളിത്തമാണ് ഇവന്റിന്റെ മുഖ്യ ആകർഷണം.മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകളുടെ ഭാഗമായി അന്താരാഷ്ട്ര പ്രതിനിധികൾ സംസ്ഥാനത്തെ വിവിധ ആശുപത്രികൾ സന്ദർശിച്ച് വൈദ്യരംഗത്തെ ആധുനിക സാങ്കേതിക വിദ്യകളുടെ സൗകര്യവും സേവനങ്ങളും നേരിട്ട് മനസ്സിലാക്കും കൂടാതെ, വിദഗ്ധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവന ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, മെഡിക്കൽ വൈദഗ്ധ്യം. ഉയർന്ന നിലവാരമുള്ള ചികിത്സ. പരിചരണം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഹോസ്പിറ്റൽ മാനേജ്മെന്റുകളുമായി ബിടുബി മീറ്റിങ്ങുകൾ നടക്കും മെഡിക്കൽ ടൂറിസം രംഗത്ത് അന്താരാഷ്ട്ര സഹകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇവ ഇടയാക്കും.സംസ്ഥാനത്തെ മെഡിക്കൽ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കാൻ പര്യാപ്തമായ ഏറ്റവും പുതിയ മെഡിക്കൽ ടെക്നോളജി, ഡയഗ്നോസ്റ്റിക്, സർജിക്കൽ, ഉൽപന്നങ്ങൾ.നവീകരണങ്ങൾ. എന്നിവയെല്ലാം പ്രദർശിപ്പിക്കാനുള്ള വേദിയാണിത്. ആ ശുപത്രികൾ, മെഡിക്കൽ ഉപകരണ നിർമ്മാതാക്കൾ, സ്റ്റാർട്ടപ്പുകൾ, വിവിധവിതരണക്കാർ, എന്നിവ ഒരു കുടക്കീഴിൽ അണിനിരക്കുമെന്നും ഡോ. അരുൺ കൃഷ്ണ പറഞ്ഞു.ആരോഗ്യ രംഗത്തെ വ്യവസായ മികവിനുള്ള അവാർഡുകൾ 28 ന് വിതരണം ചെയ്യും മികച്ച ഹെൽത്ത് കെയർ സ്റ്റാർട്ടപ്പ്. ബഡ്ഡിങ്ങ് ഇന്നൊവേറ്റർ, ഹോസ്പിറ്റൽ ക്വാളിറ്റി കൾച്ചർ, ബഡ്ഡിംഗ് 5 ഇന്നൊവേറ്റർ, വനിതാ സംരംഭക.. ഹോസ്പെക്സ് ലൈഫ് ടൈം അച്ചീവ്മെന്റ് മികച്ച സ്റ്റാർട്ടപ്പ് സാർട്ട് ഹോസ്പിറ്റൽ, ബെസ്റ്റ് ഹോസ്പിറ്റൽ, മാനുഫാക്ടർർ, ഹോസ്പെക്സ് മെഡിക്കൽ ടെക്നോളജി എന്നീ വിഭാഗങ്ങളിലാണ് അവാർഡ്

കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെഎംടിസി) എന്നിവയുടെ പിന്തുണയോടെയാണ് മേള നടക്കുന്നത്.

# സ്റ്റെൻ ഇന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കുന്നു

**കൊച്ചി:** ഓൺലൈൻ ഫിനാൻസ് പ്ലാറ്റ്ഫോം ആയ സ്റ്റെൻ ഇന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കുന്നു. രാജ്യാന്തര വ്യാപാര ഇടപാടുകൾ നടത്തുന്ന ചെറുകിട ഇടത്തരം ബിസിനസുകളുടെ (എസ്എംഇ) സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്ന സേവനങ്ങളാണ് സ്റ്റെൻ നൽകി വരുന്നത്. ഈ വിഭാഗത്തിലുൾപ്പെടുന്ന ഇന്ത്യയിലെ വർധിച്ചു വരുന്ന ബിസിനസുകൾക്ക് വളരാനും അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമത വർധിപ്പിക്കാനും സഹായിക്കുകയാണ് സ്റ്റെന്നിന്റെ ലക്ഷ്യം. ആഗോള തലത്തിൽ സ്റ്റെൻ 20 ശതകോടിയിലേറെ ഡോളറിന്റെ ഇടപാടുകളാണ് ഇതിനകം പൂർത്തീകരിച്ചത്. ഇതിൽ 147 ദശലക്ഷം ഡോളറിന്റെ ഇടപാടുകൾ ഇന്ത്യൻ കമ്പനികളുടേതായിരുന്നു. അടുത്ത മൂന്നു വർഷത്തിനകം ഇന്ത്യയിൽ കാര്യമായ വളർച്ചയാണ് കമ്പനി ലക്ഷ്യമിടുന്നത്.ഇതിന്റെ ഭാഗമായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻസുമായി (എഫ്.ഐ.ഇ.ഒ) പങ്കാളിത്തത്തിന് സ്റ്റെൻ ധാരണയിലെത്തിയിട്ടുണ്ട്. കയറ്റുമതി ബിസിനസ് ചെയ്യുന്ന ഇന്ത്യൻ ചെറുകിട ഇടത്തരം കമ്പനികൾക്ക് ആവശ്യാനുസരണം സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ സഹകരണം. പണലഭ്യതാ വെല്ലുവിളികളെ നേരിടാനും ആഗോള വിപണിയിൽ മത്സരക്ഷമത മെച്ചപ്പെടുത്താനും ഇന്ത്യൻ കമ്പനികൾക്ക് ഇതു സഹായകമാകും. സ്റ്റെൻ ചീഫ് കൊമേഴ്സ്യൽ ഓഫീസർ നോയൽ ഹിൽമാനും എഫ്.ഐ.ഇ.ഒയുടെ സിഇഒ ഡോ. അജയ് സഹായും ഇതുസംബന്ധിച്ച ധാരണാ പത്രത്തിൽ ഒപ്പുവച്ചു. എഫ്.ഐ.ഇ.ഒ പ്രസിഡന്റ് അശ്വനി കുമാർ, സ്റ്റെൻ ചീഫ് മാർക്കെറ്റിങ് ഓഫീസർ മാർസിയോ അർനെകെ, എഫ്.ഐ.ഇ.ഒ അസിസ്റ്റന്റ് ഡയറക്ടർ പ്രതീക് അശോക് നവാലെ, സ്റ്റെൻ സീനിയർ ഡറക്ടർ (സെയിൽ & പാർട്നർഷിപ്പ്) എന്നിവരും പങ്കെടുത്തു.

# ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് പുതിയ 18 ഔട്ട്ലെറ്റുകൾ തുറന്നു

**കൊച്ചി:** സ്മോൾ ഫിനാൻസ് ബാങ്കായ ഉത്കർഷ് അതിന്റെ 15ാം സ്ഥാപകദിനം പ്രമാണിച്ച് വിവിധ സംസ്ഥാനങ്ങളിലായി 18 പുതിയ ഔട്ട്ലെറ്റുകൾ തുറന്നു. ഇതോടെ ഉത്കർഷിന്റെ 15 വർഷത്തെ പ്രവർത്തനഫലമായി രാജ്യത്തെ ഔട്ട്ലെറ്റുകളുടെ എണ്ണം 966ലെത്തി. ബിഹാർ (4), ഹിമാചൽ പ്രദേശ് (1), ജാർഖണ്ഡ് (2), കേരളം (2), മധ്യപ്രദേശ് (3), മഹാരാഷ്ട്ര (1), ഒഡീഷ (2), ഉത്തർ പ്രദേശ് (2), ഉത്തരാഖണ്ഡ് (1) എന്നിങ്ങനെയാണ് പുതുതായി സ്ഥാപിച്ച ഔട്ട്ലെറ്റുകൾ.

സ്ഥാപക ദിനത്തിൽ തന്നെ പുതിയ ബാങ്കിംഗ് ഔട്ട്ലെറ്റുകൾ ഉദ്ഘാടനം ചെയ്യാനായത് രാജ്യത്തെ എല്ലാവർക്കുമുള്ള സാമ്പത്തിക പുരോഗതി എന്ന തങ്ങളുടെ കാഴ്ചപ്പാടിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് ചെയർമാൻ പർവീൺ കുമാർ ഗുപ്ത പറഞ്ഞു. ഉത്കർഷ് കോർഇൻവെസ്റ്റ് ലിമിറ്റഡിന്റെ ആരംഭം മുതൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്കായി മാറുന്നത് വരെയുള്ള കഴിഞ്ഞ വർഷങ്ങൾ വളർച്ചയുടെയും പഠനത്തിന്റെയും പ്രതിബദ്ധതയുടെയും മഹത്തായ യാത്രയായിരുന്നുവെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഗോവിന്ദ് സിംഗ് പറഞ്ഞു. സേവിംഗ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡെപ്പോസിറ്റുകൾ, റിക്കറിംഗ് ഡെപ്പോസിറ്റുകൾ എന്നിവ ഉൾപ്പെടുന്ന നിരവധി സാമ്പത്തിക ഉൽപ്പന്നങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്ക് ഇപ്പോൾ പര്യാപ്തമാണെന്ന് അധികൃതർ അറിയിച്ചു. ഭവന വായ്പകൾ, ബിസിനസ് വായ്പകൾ, പ്രോപ്പർട്ടി വായ്പ തുടങ്ങിയ വിവിധ വായ്പകൾ ബാങ്കിന് കീഴിൽ നൽകിവരുന്നു.

ബാങ്കിംഗ് ഔട്ട്ലെറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ, എടിഎം ശൃംഖല എന്നിവ ഉപയോഗിച്ച് ബാങ്ക് സംയോജിത ഉപഭോക്തൃ സേവനം വാഗ്ദാനം ചെയ്യുന്നു. ഇതിനുപുറമെ, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ), കോൾ സെന്റർ തുടങ്ങിയ നിരവധി സേവനങ്ങൾ നൽകിവരുന്നു.

# ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിന് ഒരുങ്ങി ആമസോൺ

**കൊച്ചി:** ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിനു മുന്നോടിയായി ആമസോൺ അൻപതിനായിരത്തിലേറെ വരുന്ന ഇൻഫ്ളൂവൻസർമാരുടെ ശൃംഖലയ്ക്കുള്ളിലെ വിവിധ വിഭാഗങ്ങളിലെ സ്റ്റാൻഡേർഡ് കമ്മീഷൻ നിരക്കുകൾ ഗണ്യമായി ഉയർത്തി. സെപ്റ്റംബർ 27ന് ആരംഭിക്കുന്ന ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിൽ പ്രൈം മെമ്പർമാർക്ക് 24 മണിക്കൂർ മുൻപേ പ്രത്യേക ഡീലുകളും ഇളവുകളും ലഭ്യമായി തുടങ്ങും. ഫാഷൻ, ബ്യൂട്ടിപേഴ്സണൽ കെയർ ആപ്ലിക്കേഷൻ, ഹോം, കിച്ചൺ, ടോയ്സ്, ആമസോണിൽ പ്രവർത്തിക്കുന്ന ആക്ടീവ് ക്രിയേറ്റർമാർക്കായുള്ള പുസ്തകങ്ങൾ തുടങ്ങിയ ശ്രേണിയിൽ ഇൻഫ്ളുവൻസർമാർക്കുള്ള പുതുക്കിയ കമ്മീഷൻ വഴി ഒന്നര മുതൽ രണ്ടു മടങ്ങു വരെ വർധനവു ലഭിക്കും. ഷോപ്പിങ് സീസണിൽ കൂടുതൽ വരുമാനമുണ്ടാക്കാനും ആമസോൺ ഗ്രേറ്റ് ഇന്ത്യ ഫെസ്റ്റിവൽ കാലത്ത് കൂടുതൽ നേട്ടമുണ്ടാക്കാനും ഇതു സഹായിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.


Liva® 'Diamonds are forever' MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS — TRUSTED since 2007 — 15 YEAR GUARANTEE — 100% GUARANTEED — ISO 9001 CERTIFIED — LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA: DOOR No.41/1065, RENJESHA BUILDING, OPPO. P.O.C, PADIVATTOM, ERNAKULAM-24, +91 9288022661/62
SHOWROOM-KARNATAKA: No.73, 80FT ROAD, NEAR HOYSALA CIRCLE, KENGERI SATELLITE TOWN, BANGALORE 560060, +91 9778685017/19
SHOWROOM-KERALA: OPPO. ROSY SCHOOL, CRYSTAL CENTRE, CHATHAPURAM, PALAKKAD, KERALA
FACTORY : KERALA: Kairady PO, Palakkad, + 91 9288022663